VOL NO: 05 | ISSUE 12
www.nerpatham.com
mail@nerpatham.com

2021 MARCH 20 | ₹12

# നേർപഥം

വാരിക

# സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് കരുത്തുപകർന്ന ഒറ്റപ്പാലം സമ്മേളനം

‘കേരളത്തിലെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ദിശ നിർണയിച്ച മഹാസമ്മേളനമാണ് 1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലത്തുവച്ച് നടന്നത്. പിന്നീടു നടന്ന മലബാർ പോരാട്ടത്തിന്നും അനുബന്ധ ചെറുത്തു നിൽപുകൾക്കും വഴികാട്ടിയായതും ഈ സമ്മേളനമാണെന്നതിന് ചരിത്രം സാക്ഷി.

- വർഗീയതയുടെ പിടിയിലമരുന്ന കേരളം

- ആദരിക്കപ്പെടുന്ന ദൈവദൂതൻ
- ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ
- മർദിതന്റെ പ്രാർഥനയെ ഭയപ്പെടുക
- ഇസ്‌ലാം ക്ഷണിക്കുന്നത് ജാറങ്ങളിലേക്കല്ല



2021-22
രജിസ്ട്രേഷൻ ആരംഭിച്ചു




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30

അപേക്ഷകർ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n

READ. LEARN. EVOLVE

Office: Jamia Campus | Mini Ootty
Malappuram | Kerala | PIN 676519

**CENTERS:**

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888

www.schoolofquran.in mail@schoolofquran.in SchoolOfQuranJamia

0218
# നേർപഥം
വാരിക

2021 മാർച്ച് 20
1442 ശഅബാൻ 06
പുസ്തകം 05 / ലക്കം 12

Printed, published and owned by
K. Sajjad


Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





## സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് കരുത്തുപകർന്ന ഒറ്റപ്പാലം സമ്മേളനം
**സി.കെ മുഷ്താഖ് ഒറ്റപ്പാലം**

**05**
**മുഖമൊഴി**
വർഗീയതയുടെ പിടിയിലമരുന്ന കേരളം
എഡിറ്റർ

**06**
**ചരിത്രപഥം**
ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

**16**
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**18**
**ചരിത്രപഥം**
ആദരിക്കപ്പെടുന്ന ദൈവദൂതൻ
ഹുസൈൻ സലഫി, ഷാർജ

**23**
**ലേഖനം**
മർദിതന്റെ പ്രാർഥനയെ ഭയപ്പെടുക
മുഹമ്മദ് സ്വാദിഖ് മദീനി

**26**
**ലേഖനം**
ഇസ്‌ലാം ക്ഷണിക്കുന്നത് ജാറങ്ങളിലേക്കല്ല
മൂസ സ്വലാഹി, കാര

**31**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**34**
**ബാലപഥം**
വെയിലും മഴയും
ഉസ്മാൻ പാലക്കാഴി

ചലനങ്ങൾ

# നവോത്ഥാന മൂല്യങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ പ്രകടനപത്രികയിൽ ഉൾപ്പെടുത്തണം: മുജാഹിദ് സംഗമം

കോഴിക്കോട്: കേരളത്തിലെ സാമുദായിക ഐക്യം ശക്തിപ്പെടുത്തുന്നതിനും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ പ്രകടനപത്രികയിൽ ഉൾപ്പെടുത്താൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകണമെന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് സൗത്ത് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച ഏരിയാ മുജാഹിദ് സംഗമം ആവശ്യപ്പെട്ടു.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിച്ചത്. സമൂഹത്തിൽ പരസ്പരവിദ്വേഷവും പകയും പ്രചരിപ്പിക്കുന്നവർക്കെതിരെ നാം കടുത്ത ജാഗ്രത പുലർത്തണം. സമൂഹത്തിലെ ഇടത്തരക്കാർ ഉൾപ്പെടെയുള്ളവർക്ക് ആരോഗ്യ, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ നിരക്കിലും നല്ല ഗുണനിലവാരത്തിലും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. മത, ജാതീയ സംഘടിത ശക്തികൾ സമ്മർദ ശക്തികളായി വരുന്നത് ജനാധിപത്യ സംവിധാനത്തിന് വലിയ വെല്ലുവിളിയാണെന്നും സംഗമം വിലയിരുത്തി.

വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹുസൈൻ കാവനൂർ സംഗമം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഉമർ അത്തോളി അധ്യക്ഷത വഹിച്ചു. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ശമീൽ, വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

ജില്ലാ ഭാരവാഹികളായ വി.ടി. ബഷീർ, അബ്ദുറസാഖ് അത്തോളി, ഫൈസൽ മാങ്കാവ്, കെ.വി. മുഹമ്മദ് ശുഹൈബ്, അസ്ഹർ ഫറോക്ക്, ജംഷീർ കാരപ്പറമ്പ്, സ്വഫ്‌വാൻ ബറാമി, കാബിൽ സി.വി. തുടങ്ങിയവർ സംബന്ധിച്ചു. അബ്ദുറഹ്മാൻ കല്ലായി സ്വാഗതവും അശ്റഫ് നന്ദിയും പറഞ്ഞു.

## പ്രവാചക ജീവിതമാതൃക നിത്യപ്രസക്തം: വിസ്ഡം യൂത്ത്

### ഹദീസ് വെബിനാർ സമാപിച്ചു

എറണാകുളം: പ്രവാചക ജീവിതചര്യ ഏതുകാലത്തും ഏതുസാഹചര്യങ്ങളിലും പ്രായോഗികവും പ്രസക്തവുമായ ജീവിത മാതൃകയാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച ഹദീസ് വെബിനാർ അഭിപ്രായപ്പെട്ടു.

ശുചിത്വവും സാമൂഹിക അകലംപാലിക്കലും അടക്കമുള്ള, പകർച്ചവ്യാധിയെ പ്രതിരോധിക്കാനുള്ള മാർഗനിർദേശങ്ങൾ പോലും പ്രവാചക ജീവിതത്തിൽനിന്ന് ഗ്രഹിക്കാനാകും.

മാനവിക മൂല്യങ്ങളും പ്രകൃതിസംരക്ഷണ പാഠവും പകർന്നുനൽകുന്ന പ്രവാചക പാഠങ്ങളെ നിഷ്പക്ഷ വായനയ്ക്ക് വിധേയമാക്കാൻ എല്ലാവരും ശ്രമിക്കണമെന്നും വിമർശനങ്ങൾ വസ്തുനിഷ്ഠമാകാൻ ശ്രദ്ധിക്കണമെന്നും വെബിനാർ ആവശ്യപ്പെട്ടു.

'നബിചര്യയിലെ മഹാത്ഭുതങ്ങൾ' എന്ന തലക്കെട്ടിൽ നടന്ന വെബിനാർ ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപറമ്പ് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റംഗം നിഷാദ് സലഫി അധ്യക്ഷനായിരുന്നു.

മുഹമ്മദ് സ്വാദിഖ് മദീനി, ശമീർ മദീനി, ഡോ.അബ്ദുല്ല ബാസിൽ സി.പി, ഉനൈസ് സ്വലാഹി, അബ്ദുൽ അസീസ് സ്വലാഹി, അഫീഫ് മദനി, യൂസുഫ് സ്വലാഹി, അഷ്കർ സലഫി, മുജീബ് സലഫി പ്രസംഗിച്ചു.

മുഖമൊഴി

# വർഗീയതയുടെ പിടിയിലമരുന്ന കേരളം

**നി**ന്റെ രക്തത്തിൽ പങ്കി-
ല്ലെനിക്ക്; ലോകം കാൺകെ
രണ്ടു കൈകളും ഞാനും
കഴുകി വെടുപ്പാക്കീ.
അതു നന്നായീ, ഞങ്ങ-
ളാശ്വാസം പൂണ്ടീടുന്നൂ
ക്ഷിതിയിൽ ധർമത്തിന്റെ
നിറമിന്നിരുട്ടല്ലോ.
അതു നന്നായീ, ഞങ്ങൾ
മന്ത്രിപ്പൂ, വീണ്ടും നിന്റെ
നരപൂണ്ടൊരാമാറി-
ലുണ്ടകൾ തറയ്ക്കുമ്പോൾ.
അതുനന്നായീ, ഞങ്ങൾ
ഗൂഢമായ് ചിരിക്കുന്നു
ശരിയും ശരികേടു-
മൊന്നാക്കിയല്ലോ ഞങ്ങൾ.

ഗാന്ധിവധത്തെ ആസ്പദമാക്കി 1968ൽ സുഗതകുമാരി എഴുതിയ കവിതയിലെ ഏതാനും വരികളാണ് മുകളിൽ കൊടുത്തത്. ഗാന്ധിജി ഗോഡ്സേ എന്ന ഭീകരവാദിയുടെ വെടിയുണ്ടയേറ്റ് മരിച്ചു വീണതിൽ സന്തോഷിച്ച് മിഠായി വിതരണം നടത്തിയ കാഴ്ച നേരിൽ കണ്ടതായി ഒ.എൻ.വി കുറുപ്പ് എഴുതിയിട്ടുണ്ട്. വർഗീയതയുടെയും ന്യൂനപക്ഷ വിരുദ്ധതയുടെയും ഈറ്റില്ലങ്ങളായ യു.പി പോലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ പോലെ കേരളത്തെയും മാറ്റാനുള്ള കുൽസിത ശ്രമങ്ങൾ നടക്കുന്നത് കണ്ടില്ലെന്നു നടിക്കാനാവില്ല.

തെരഞ്ഞെടുപ്പ് അടുക്കുമ്പോഴാണ് പ്രത്യേകിച്ചും വർഗീയ കോമരങ്ങൾ ഉറഞ്ഞുതുള്ളാറുള്ളത്. വർഗീയ വികാരം ഇളക്കിവിട്ട് ജനങ്ങൾക്കിടയിൽ ധ്രുവീകരണം നടത്തുകയും അത് വോട്ടാക്കി മാറ്റുകയും എതിർപാർട്ടികളെ വർഗീയതയുടെ പേരിൽ ആക്ഷേപിക്കുകയും ചെയ്യുന്ന കൗതുകകരമായ ഏർപ്പാടാണ് തെരഞ്ഞെടുപ്പുകാലത്ത് കാണുന്നത്.

ആത്മാവ് നഷ്ടപ്പെട്ട രാഷ്ട്രീയം വർഗീയതയെ കൂട്ടുപിടിക്കുന്നതാണ് തെരഞ്ഞെടുപ്പുകാലത്ത് കാണുന്ന ദയനീയ കാഴ്ച. കേരളീയ നവോത്ഥാനവും അത് സൃഷ്ടിച്ച പരിഷ്കരണങ്ങളും പടുത്തുയർത്തിയ പുതിയ കേരളവും തെരഞ്ഞെടുപ്പുകാലത്ത് മാറ്റിവെക്കുന്നു. എന്നിട്ട് തുടച്ചുനീക്കിയെന്ന് അവകാശപ്പെടുന്ന വർഗീയതയെയും ജാതിചിന്തയെയും ആശ്ലേഷിക്കുന്നു. ഒരു വോട്ട് കൂടുതൽ കിട്ടുമെങ്കിൽ എന്ത് നെറികെട്ട കളി കളിക്കുവാനും തയ്യാറാകുന്നു!

ഹിന്ദുവോട്ട് (അതിൽതന്നെ നായർ വോട്ട്, ഈഴവ വോട്ട്, പട്ടികവർഗ വോട്ട്...), മുസ്‌ലിം വോട്ട്, ക്രിസ്ത്യൻ വോട്ട് എന്നിങ്ങനെ വോട്ടുകളെ തരംതിരിക്കുന്നു. ഹിന്ദുക്കൾ കൂടുതലുള്ള മണ്ഡലത്തിൽ മറ്റു മതസ്ഥർ സ്ഥാനാർഥിയായിക്കൂടാ, മുസ്‌ലിംകൾ കൂടുതലുള്ള മണ്ഡലത്തിൽ അവരിൽപെട്ടവർ തന്നെ സ്ഥാനാർഥിയാകണം, ക്രൈസ്തവർ ഭൂരിപക്ഷമുള്ള മണ്ഡലത്തിൽ ക്രിസ്ത്യാനി തന്നെ സ്ഥാനാർഥിയാകണം... ഇതാണിപ്പോഴത്തെ അവസ്ഥ. ജാതിയും മതവും നോക്കി സ്ഥാനാർഥികളെ നിർത്തുക, ജാതിയുടെയും മതത്തിന്റെയും പേരിൽ വോട്ട് ചോദിക്കുക, ജാതിയും മതവും നോക്കി വോട്ട് ചെയ്യുക... ഇത് അപകടകരമായ പോക്കാണ്; അവസാനിപ്പിക്കേണ്ടതാണ്.

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ലേഖനം



# ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ

**കോ**വിഡ് ലോക്ഡൗൺ കാലം. സാമൂഹ്യ മാധ്യമത്തിലൂടെ ഒരു ഒമ്പതാം ക്ലാസുകാരി സ്വന്തം ഗ്രാമത്തിലെ ഒരു യുവാവിനെ പരിചയപ്പെടുന്നു. അയാളുമായി അടുപ്പം വർധിക്കുന്നു. അയാൾ രഹസ്യമായി എത്തിച്ചുനൽകുന്ന മാരകമായ മയക്കുമരുന്നിന് അവൾ അടിമയാകുന്നു. തുടർന്ന് ആ മയക്കുമരുന്നിന്റെ ബലത്തിൽ അയാൾ ആ കുട്ടിയെ പീഡിപ്പിക്കുന്നു. തന്റെ മയക്കുമരുന്ന് ശൃംഖലയിൽ പെട്ട ഒട്ടേറെ പേരുമായി അവിഹിതബന്ധത്തിന് അവളെ നിർബന്ധിക്കുന്നു.

കേൾക്കുമ്പോൾ അവിശ്വസനീയമായി തോന്നും. എന്നാൽ ഇത് കെട്ടുകഥയൊന്നുമല്ല; ഏതാനും ആഴ്ചകൾക്ക് മുമ്പ് മലപ്പുറം ജില്ലയിലെ ഒരു പ്രദേശത്തുനിന്ന് പോലീസ് പിടിച്ച കേസിന്റെ പിന്നാമ്പുറ കഥയാണിത്!

മക്കൾ നമ്മുടെ കൺകുളിർമയും ഭാവി പ്രതീക്ഷയുമാണ്. മക്കൾക്കു വേണ്ടി മാതാപിതാക്കൾ സ്വന്തം ജീവൻവരെ ബലിയർപ്പിക്കാൻ തയ്യാറാണ്. മക്കളുടെ വിജയമാണ് മാതാപിതാക്കളുടെ സന്തോഷമാകാറുള്ളത്. അതിരറ്റ വാത്സല്യം ലഭിച്ച് വളർന്നുവരുന്ന മക്കൾ എല്ലാ പ്രതീക്ഷകളും തച്ചുതകർത്ത് തെറ്റായ വഴിയിൽ സഞ്ചരിക്കുമ്പോൾ മാതാപിതാക്കളുടെ മനസ്സ് എത്രമാത്രം വേദനിക്കുമെന്ന് പറഞ്ഞറിയിക്കേണ്ടതില്ല. ഒരുപാടു പ്രതീക്ഷകളോടെ വളർത്തുന്ന മക്കൾ സമൂഹത്തിലെ ഇരുണ്ട വഴികളിലൂടെ സഞ്ചരിക്കുന്നത് ഏതെങ്കിലും രക്ഷിതാവിന് കണ്ടുനിൽക്കാനാകുമോ?

പുതിയ കാലത്ത് കൗമാരപ്രായക്കാരും യുവതലമുറയും ലഹരിയുടെ കയങ്ങളിലേക്ക് ആപതിക്കുവാനുള്ള സാഹചര്യങ്ങൾ ഒട്ടേറെയുണ്ട്. അവരെ ഈ മഹാദുരന്തത്തിൽനിന്ന് നമുക്ക് രക്ഷിക്കാനാകണം.

## തിരിച്ചറിവുണ്ടാകണം

ദുരന്തങ്ങൾ സംഭവിക്കും മുമ്പ് തിരിച്ചറിവുണ്ടാകണം. അല്ലാത്തപക്ഷം ഖേദിക്കേണ്ടിവരും. വ്യത്യസ്ത ലഹരിയുൽപന്നങ്ങൾ വില്ലനായി നാട്ടിൽ ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ അത് സ്വന്തം വീട്ടിലും കടന്നുവരാതിരിക്കാൻ ജാഗ്രത കാട്ടേണ്ടതുണ്ട്.

കഞ്ചാവ് പോലുള്ള മയക്കുമരുന്ന് വിൽപന സംഘങ്ങൾ സ്കൂൾ, കോളേജ് പരിസരങ്ങളിൽ പിടിമുറുക്കുന്നുണ്ട് എന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. വിദ്യാർഥികളെ ലഹരിയുടെ വലയിൽ വീഴ്ത്താൻ പ്രത്യേക സംഘങ്ങളെ തന്നെയാണ് സ്കൂൾ, കോളേജ് പരിസരങ്ങളിൽ ഇക്കൂട്ടർ വിന്യസിക്കുന്നത്.

കലാലയങ്ങൾ ലഹരി വിളയുന്ന ഇടങ്ങളായി മാറിയിട്ടും ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ജാഗ്രതയും ബോധവത്കരണവും മറ്റു മുൻകരുതലുകളും കൈക്കൊള്ളാത്തത് ദുരന്തങ്ങൾക്ക് ആക്കം കൂട്ടുന്നു. അനിയന്ത്രിതമായ കൂട്ടുകെട്ട്, രക്ഷകർത്താക്കളുടെ നിയന്ത്രണമില്ലായ്മ, മതവിദ്യഭ്യാസത്തിന്റെ അഭാവം, ആവശ്യത്തിലേറെയുള്ള പണം, ഉത്തരവാദിത്തമില്ലായ്മ എന്നിവയൊക്കെയാണ് പുതുതലമുറയിലെ ദുശ്ശീലങ്ങൾക്ക് കാരണമെന്ന വസ്തുത രക്ഷിതാക്കൾ ഓർത്തിരിക്കേണ്ടതുണ്ട്.

കുട്ടികളെയും യുവാക്കളെയും മാരക ലഹരിക്ക് അടിമപ്പെടുത്തുക എന്നതാണ് ലഹരി മാഫിയകളുടെ ലക്ഷ്യം. കളിസ്ഥലങ്ങൾ, തിയേറ്ററുകൾ, ഒഴിഞ്ഞ പറമ്പുകൾ, ബീച്ചുകൾ തുടങ്ങിയ ഇടങ്ങളാണ് പലപ്പോഴും ഇവരുടെ വിതരണ കേന്ദ്രം.

## കുറ്റവാളികളെ സൃഷ്ടിക്കുന്നു

വിദ്യാർഥികളിലെ മദ്യപാനം, മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ അവരെ പല തെറ്റുകളിലേക്കും നയിക്കുന്നു. ഇത് കുട്ടികളിൽ അക്രമവാസന സൃഷ്ടിക്കുന്നതായി പൊലീസ് പറയുന്നു. കുട്ടികൾ ഉൾപ്പെട്ട മോഷണങ്ങളും അടിപിടികളുമായി ഒട്ടേറെ പരാതികളാണു സംസ്ഥാനത്തെ വിവിധ പൊലീസ് സ്റ്റേഷനുകളിലെത്തുന്നത്. ഇതര സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന കുട്ടികളെ ലഹരി വസ്തുക്കൾ കാര്യമായി സ്വാധീനിക്കുന്നുണ്ട്. ഇത്തരം ഉൽപന്നങ്ങൾ വാങ്ങുന്നതിനായി കുട്ടികൾ മോഷണമടക്കമുള്ള തിന്മകളിൽ പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. പെൺകുട്ടികളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ ഒട്ടും പുറകിലല്ല എന്നത് നമ്മെ ഞെട്ടിപ്പിക്കേണ്ടതുണ്ട്.

## പണം കണ്ടെത്താൻ മാർഗങ്ങളേറെ!

വീട്ടിൽനിന്നു പണം കിട്ടിയില്ലെങ്കിൽ ലഹരി വാങ്ങാൻ ഏതു മാർഗവും കുട്ടികൾ സ്വീകരിക്കും. ലഹരി കാരിയർമാരാകുകയാണ് അതിലൊന്ന്. പ്രകൃതിവിരുദ്ധ പീഡനത്തിനു നിന്നുകൊടുത്ത് പണമുണ്ടാക്കാനും ചില കുട്ടികൾ ശ്രമിക്കുന്നുണ്ടത്രെ! ചൈൽഡ് ലൈനിൽ അന്വേഷിച്ചപ്പോൾ ലഹരിക്കുവേണ്ടി പ്രകൃതിവിരുദ്ധ പീഡനം സഹിക്കുന്ന ഒട്ടേറെ വിദ്യാർഥികളുണ്ടെന്നു മനസ്സിലായി. 90% ബാലപീഡനകേസുകളിലും മദ്യവും കഞ്ചാവും ഉൾപ്പെടെയുള്ളവ വില്ലൻ സ്ഥാനത്തുണ്ട്.

> **"കലാലയങ്ങൾ ലഹരി വിളയുന്ന ഇടങ്ങളായി മാറിയിട്ടും ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ജാഗ്രതയും ബോധവത്കരണവും മറ്റു മുൻകരുതലുകളും കൈക്കൊള്ളാത്തത് ദുരന്തങ്ങൾക്ക് ആക്കം കൂട്ടുന്നു. അനിയന്ത്രിതമായ കൂട്ടുകെട്ട്, രക്ഷകർത്താക്കളുടെ നിയന്ത്രണമില്ലായ്മ, മതവിദ്യഭ്യാസത്തിന്റെ അഭാവം, ആവശ്യത്തിലേറെയുള്ള പണം, ഉത്തരവാദിത്തമില്ലായ്മ എന്നിവയൊക്കെയാണ് പുതുതലമുറയിലെ ദുശ്ശീലങ്ങൾക്ക് കാരണമെന്ന വസ്തുത രക്ഷിതാക്കൾ ഓർത്തിരിക്കേണ്ടതുണ്ട്."**

### കുടുംബത്തിലെ താളപ്പിഴകൾ

കുടുംബ ബന്ധങ്ങളിലെ തകർച്ചയും വീട്ടിലെ മോശമായ അന്തരീക്ഷവുമാണ് കൃത്രിമമായ ആനന്ദ പരിസരങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നതിലെ പ്രധാന ഘടകം. ഇത് ഇല്ലാതാക്കുവാൻ രക്ഷിതാക്കൾ നിരന്തരം കുട്ടിയോടു സംസാരിക്കണം. അവന്റെ/അവളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ചോദിച്ചറിയണം. വീട്ടിൽനിന്ന് നെഗറ്റീവായ ചിന്താഗതി അവർക്ക് ലഭിക്കുന്ന സാഹചര്യം പൂർണമായും ഒഴിവാക്കാൻ മാതാപിതാക്കൾ ശ്രമിക്കണം.

കുട്ടികളോടു സംസാരിക്കാതിരിക്കുന്നതും അവർക്കു പറയാൻ അവസരം നൽകാതിരിക്കുന്നതും അവരെ മാനസികമായി മാതാപിതാക്കളിൽനിന്ന് അകറ്റും. വീട്ടിൽ മാതാപിതാക്കൾ തമ്മിലുള്ള സംഭാഷണം കുറയുന്നതു പോലും കുട്ടികളെ ബാധിക്കുമെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. മാതാപിതാക്കൾ തമ്മിലുള്ള കലഹവും ഇവരിലാരുടെയെങ്കിലും വഴിപിഴച്ച ജീവിതവും കുട്ടികളെ ലഹരിയിലേക്കും മറ്റ് അനാവശ്യ കൂട്ടുകെട്ടിലേക്കും തള്ളിവിടും.

### ലഹരി ഉപയോഗിക്കുന്നതിന്റെ അടയാളങ്ങൾ

ലഹരി ഉപയോഗത്തിന്റെ ആദ്യഘട്ട ലക്ഷണങ്ങൾ ഇവയാണ്: അലക്ഷ്യമായ വസ്ത്രധാരണം, അന്തർമുഖത്വം, കണ്ണിൽ ചുവപ്പുനിറം. ചെറിയ കാര്യങ്ങളിലും പ്രകോപിതനായി വഴക്കുണ്ടാക്കൽ, രാത്രി പുറത്തിറങ്ങാനുള്ള പ്രവണത, ഭക്ഷണത്തോടു താൽപര്യക്കുറവ്. ആരോടും അധികം സംസാരിക്കാതെ മുറി അടച്ചിട്ടിരിക്കുക, പെട്ടെന്നു ദേഷ്യം വരിക, മറ്റുള്ളവരെ ശാരീരികമായി വേദനിപ്പിക്കാനുള്ള മനസ്സ്.

ദീർഘകാലം കഴിയുന്നതോടെ ഓർമക്കുറവ്, ചുണ്ടിനു വരൾച്ച, ആകാംക്ഷ, ഉയർന്ന ഹൃദയമിടിപ്പ്, അമിതമായ ആർത്തി എന്നിവ പ്രകടമാകും. തുടക്കത്തിൽ തന്നെ കണ്ടെത്തിയാൽ കൗൺസലിംഗ് മുഖേന കുട്ടികളെ ജീവിതത്തിലേക്കു തിരികെയെത്തിക്കാം. ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഉണ്ടാകുന്ന ഘട്ടത്തിൽ ലഹരിമുക്ത ചികിത്സ മാത്രമാണു പ്രതിവിധി.

### മാതാപിതാക്കളോട്

കുട്ടികൾക്ക് അനാവശ്യമായി പണം നൽകരുത്. മൊബൈൽ ഫോൺ, ലാപ്ടോപ് തുടങ്ങി വിലപിടിപ്പുള്ള വസ്തുക്കൾ വീട്ടിൽ കൊണ്ടുവന്നാൽ എവിടെനിന്നാണെന്നും ആരുടെതാണെന്നും അന്വേഷിക്കുക. വാങ്ങിയതാണെന്നു പറഞ്ഞാൽ അതിനുള്ള പണം എങ്ങനെ, എവിടെനിന്ന് ലഭിച്ചു എന്ന് തിരക്കണം.

മക്കളുടെ മുറി, ബാഗ്, യൂണിഫോം എന്നിവ പരിശോധിക്കുക. മാതാപിതാക്കൾ അറിയാൻ പാടില്ലാത്ത ഒരു സ്വകാര്യ ഏർപ്പാടും കൗമാരക്കാരായ മക്കളുടെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ലെന്ന് ഓർക്കുക; മക്കളെ ബോധ്യപ്പെടുത്തുക.

മക്കളുടെ നല്ല സുഹൃത്തുക്കളാകാൻ മാതാപിതാക്കൾ ശ്രമിക്കണം. സ്കൂളിലെയും സുഹൃത്തുക്കളുടെയും വിശേഷങ്ങൾ ചോദിച്ചറിയണം. ദിവസത്തിൽ ഒരു നേരമെങ്കിലും കുട്ടികളുടെ കൂടെ ഭക്ഷണം കഴിക്കാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും സമയം കണ്ടെത്തുക. കുടുംബ കാര്യങ്ങളും സംസാരിക്കണം. ഓഫിസിലെയും മറ്റും വിശേഷങ്ങൾ അവരോടും പങ്കുവയ്ക്കാം.

സ്കൂളിൽ മാസത്തിൽ ഒരു തവണയെങ്കിലുമെത്തി അധ്യാപകരോട് കുട്ടിയെക്കുറിച്ച് അന്വേഷിക്കുക. അതിന് സമയം ലഭിക്കാത്തവർ അധ്യാപകനെ മൊബൈലിൽ വിളിച്ച് അന്വേഷിക്കണം. കുട്ടിയുടെ കൂട്ടുകാരുടെ രക്ഷിതാക്കളെയും പരിചയപ്പെടാം. പക്ഷേ, മാതാപിതാക്കൾക്ക് തന്നെ വിശ്വാസമില്ലെന്ന തോന്നൽ കുട്ടിയിലുണ്ടാക്കുന്ന രീതിയിലാകരുത് പ്രവൃത്തി. അസ്വാഭാവികമായ പെരുമാറ്റം ശ്രദ്ധയിൽപെട്ടാൽ കൗൺസിലറുടെ സഹായം തേടണം.

മാതാപിതാക്കൾ മാതൃകാദമ്പതികളായിരിക്കണം. മക്കൾക്ക് അവരിൽനിന്ന് നല്ല മാതൃകയേ ലഭിക്കാവൂ. രഹസ്യമായോ പരസ്യമായോ ലഹരിയുപയോഗിക്കുന്നയാളാണ് പിതാവെങ്കിൽ മക്കൾ അത് അറിയാതിരിക്കില്ല. അത്തരം രക്ഷിതാക്കൾക്ക് മക്കളോട് ലഹരി ഉപയോഗിക്കരുതെന്ന് പറയാൻ ധാർമികമായ അവകാശമില്ലല്ലോ. മക്കൾതന്നെ മുഖത്തു നോക്കി അത് പറഞ്ഞെന്നുമിരിക്കും.

### മരണത്തിലേക്കുള്ള വഴി

ശരീരത്തിലെ മുഴുവൻ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന തലച്ചോറിനെ മരണത്തിനു വിട്ടുകൊടുക്കുകയും ജീവിതത്തെ സ്വയം നാശത്തിലേക്കു തള്ളിവിടുകയുമാണു ലഹരിയുമായുള്ള കൂട്ടുകെട്ട് സമ്മാനിക്കുന്നത്.

### ലഹരിയുടെ ദോഷങ്ങളിൽ ചിലത്:

1. ഹൈപോതലാമസിനെ ബാധിക്കുമെന്നതിനാൽ ഓർമ, ചിന്ത, സ്വബോധം എന്നിവ നഷ്ടമാകുന്നു. അ

ടുത്തിടെ നടന്ന സംഭവങ്ങൾപോലും മറന്നുപോകുന്നു.

2. ബ്രെയിൻ സ്റ്റെം തകരാറിലാകുന്നതിനാൽ ഹൃദയമിടിപ്പ് കൂടുന്നു, രക്തസമ്മർദം കുറയുന്നു. വേദന അറിയാനുള്ള കഴിവ് നഷ്ടമാകുന്നു. പേശികൾ ചലിപ്പിക്കുന്നത് വികലമാകുന്നു.

3. സെറിബല്ലത്തെ ബാധിക്കുന്നമെന്നതിനാൽ പേശികളുടെ ചലനം നഷ്ടമാകുന്നു.

4. കടുത്ത ആകാംക്ഷ, ഭയം, സംശയം, ശ്രദ്ധയില്ലായ്മ എന്നിവയ്ക്ക് അടിമപ്പെടുന്നു.

5. കായിക, കലാ, പഠന കഴിവുകൾ നഷ്ടമാകുന്നു.

6. പെരുമാറ്റത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം, ദേഷ്യം, വിശപ്പില്ലായ്മ, ഉറക്കക്കുറവ്, പരീക്ഷയിൽ നന്നേ മാർക്കു കുറയുക, പഠനത്തിൽ ശ്രദ്ധയില്ലായ്മ എന്നിവയെല്ലാം ലഹരി ഉപയോഗിക്കുന്ന കുട്ടികളിൽ കണ്ടുവരുന്നു.

7. ലഹരിമരുന്നു കുത്തിവയ്ക്കുന്നതിലൂടെ വൈറസ് ബാധിതർ ഉപയോഗിക്കുന്ന സിറിഞ്ചിൽനിന്ന് എച്ച്ഐവി, ഹെപ്പറ്റൈറ്റിസ് എന്നിവ പകരാനുള്ള സാധ്യത കൂടുതലാണ്.

## അധ്യാപകരോട്

അധ്യാപകർ സ്വന്തം മക്കളെ പോലെ വിദ്യാർഥികളെ കാണണം. അവരുടെ പഠനകാര്യത്തിലെന്ന പോലെ സ്വഭാവകാര്യങ്ങളിലും ശ്രദ്ധപുലർത്തണം. അധ്യാപകരുടെ ശ്രദ്ധക്കായി ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ:

എ). പെട്ടെന്നു പഠനത്തിൽ പിന്നാക്കംപോകുന്ന കുട്ടികളെ നിരീക്ഷിക്കുക.

ബി) സ്ഥിരമായി ക്ലാസിലെത്താതിരിക്കുക, വൈകി വരിക, നേരത്തെ പോകുക എന്നിവ ശ്രദ്ധയിൽ പെട്ടാൽ മാതാപിതാക്കളെ അറിയിക്കുന്നതിനൊപ്പം കുട്ടിയെ നിരീക്ഷിക്കുകയും ചെയ്യുക.

സി) സ്കൂളിൽ ലഹരിവിമുക്ത ക്ലബ്ബുകൾ രൂപീകരിക്കുക. സ്കൂളിനു സമീപം പുകയില ഉൽപന്നങ്ങളോ മറ്റോ വിൽപന നടക്കുന്നുവെന്നറിഞ്ഞാൽ പൊലീസിനെ അറിയിക്കുക.

ഡി) ക്ലാസിൽ കിടന്നുറങ്ങിയും ഒട്ടും ശ്രദ്ധയില്ലാതെയും ഇരിക്കുന്ന വിദ്യാർഥികളെ നിരീക്ഷിക്കുക. അവരുടെ കൂട്ടുകാരിൽനിന്നു കാര്യങ്ങൾ മനസ്സിലാക്കുക.

ഇ) കുട്ടികൾ ഒപ്പമുള്ളവരെ ദേഹോപദ്രവം ചെയ്യുന്നുണ്ടെങ്കിൽ അവരിൽ പ്രത്യേകം ശ്രദ്ധവേണം.

എഫ്) പെരുമാറ്റത്തിൽ അസ്വാഭാവികത കണ്ടെത്തിയാൽ കൗൺസലിംഗിനു വിധേയമാക്കുക.



## വിദ്യാർഥികളോട്

നിങ്ങളുടെ തലച്ചോറിൽ ഭ്രാന്തിന്റെ വിത്തുകൾ വിതച്ച് കോടികൾ കൊയ്യുന്ന ലഹരി മാഫിയകൾക്ക് ഇരയായും അടിമയായും ജീവിക്കേണ്ടി വരുന്നത് വല്ലാത്തൊരു ഗതികേടല്ലേ? എന്തൊരു നേട്ടമാണ് ലഹരികൾ നിങ്ങൾക്കു സമ്മാനിക്കുന്നത്? കുടുംബത്തിൽ സന്തോഷകരമായും സമാധാനപരമായും അസ്വസ്ഥതകൾ ഒട്ടുമില്ലാതെയും സൗഹാർദത്തോടെയും ജീവിക്കുന്നതിനെക്കാൾ വലുതല്ല ലഹരി നൽകുന്ന നൈമിഷികസുഖം എന്ന് തിരിച്ചറിയുക. താളഭംഗത്തോടെ, ക്രമംതെറ്റി ജീവിക്കുകയല്ല; താളാത്മകമായി, ക്രമാനുസൃതം ജീവിക്കുകയാണ് വേണ്ടത്. അപ്പോഴാണ് ജീവിതം അർഥവത്തും ക്രിയാത്മകവും ആവുക.

മതം ധാർമികതയാണ് പ്രസരിപ്പിക്കുന്നത്; അധാർമികതയോ അക്രമമോ അല്ല. മതനിയമങ്ങൾ പിൻപറ്റി ജീവിച്ചാലാണ് ഇഹപര വിജയം കൈവരിക്കനാവുക.

“പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽനിന്ന്) വിരമിക്കുവാൻ ഒരുക്കമുണ്ടോ?'' (ക്വുർആൻ 5:91).

‘ലഹരിയെ മാറ്റി നിർത്താം
ജീവിതം ആസ്വദിക്കാം.’

സി.കെ മുഷ്താഖ് ഒറ്റപ്പാലം
ckmushthaq@gmail.com






# സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് കരുത്തുപകർന്ന ഒറ്റപ്പാലം സമ്മേളനം

**കേരളത്തിലെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ദിശ നിർണയിച്ച മഹാസമ്മേളനമാണ് 1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലത്തുവച്ച് നടന്നത്. പിന്നീടു നടന്ന മലബാർ പോരാട്ടത്തിന്നും അനുബന്ധ ചെറുത്തു നിൽപുകൾക്കും വഴികാട്ടിയായതും ഈ സമ്മേളനമാണെന്നതിന് ചരിത്രം സാക്ഷി.**

സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് കരുത്തുപകർന്ന ഒറ്റപ്പാലം സമ്മേളനത്തിന് നൂറുവയസ്സ് തികഞ്ഞിരിക്കുന്നു. കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിറ്റി ഐക്യകേരളം എന്ന സങ്കൽപത്തെ മുൻനിർത്തിയാണ് ആദ്യസമ്മേളനം ഒറ്റപ്പാലത്തുവെച്ച് 1921 ഏപ്രിൽ മാസത്തിൽ നടത്തിയത്. മലബാറിനു പുറമെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും പ്രതിനിധികൾകൂടി പങ്കെടുത്തതിനാൽ ഐക്യകേരളം മോഡലിൽ കോൺഗ്രസിന്റെ ആദ്യ രാഷ്ട്രീയ സമ്മേളനമായി ഈ സമ്മേളനം ചരിത്രത്തിൽ ഇടംപിടിച്ചു. ദേശീയ പ്രസ്ഥാനത്തിനു നേതൃപരമായ പങ്കുവഹിച്ച തലമുതിർന്ന നേതാക്കളുടെ പ്രവർത്തനക്കളരിയും ദൂരദിക്കുകളിൽനിന്നും തീവണ്ടിമാർഗം എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലവും ആയതുകൊണ്ടാവാം ഒന്നാം രാഷ്ട്രീയ സമ്മേളനത്തിന് ഒറ്റപ്പാലം വേദിയായത്.

1921 ഏപ്രിൽ 23 മുതൽ 26 വരെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനു സമീപം ഭാരതപ്പുഴയുടെ തീരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽവെച്ചായിരുന്നു ആ മഹാസമ്മേളനം. അന്നുവരെ ചെറിയ ഒരു പട്ടണം മാത്രമായിരുന്ന ഒറ്റപ്പാലം ഈ സമ്മേളനത്തോടെ രാഷ്ട്രീയ ഭൂപടത്തിൽ അടയാളപ്പെട്ടുതുടങ്ങി.

### സമ്മേളനം നടത്തിപ്പ്; കാര്യപരിപാടി

സമ്മേളന നടത്തിപ്പിനും വിജയത്തിനും വേണ്ടി പ്രത്യേക സ്വാഗതസംഘം രൂപീകരിച്ചിരുന്നു. എൽ. എ.സുബ്ബരാമ അയ്യർ ചെയർമാനും പെരുമ്പിലാവിൽ രാവുണ്ണി മേനോൻ സെക്രട്ടറിയായും ചെങ്ങളത്ത് മാധവ മേനോൻ വളണ്ടിയർ ക്യാപ്റ്റനായും ഹമീദ് ഖാൻ ഖിലാഫത്ത് സമ്മേളന സെക്രട്ടറിയായുമുള്ള ഒരു വലിയസംഘം തന്നെയായിരുന്നു അത്. കൂടാതെ എം.പി. നാരായണ മേനോൻ, കെ.എം മൗലവി, കെ. രാമുണ്ണി മേനോൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ.മൊയ്തു മൗലവി, കട്ടിലശ്ശേരി എം.വി.മുഹമ്മദ് മൗലവി തുടങ്ങി വള്ളുവനാട്, ഏറനാട് പ്രദേശങ്ങളിലെ പൗരപ്രമുഖരും അഭിഭാഷകരും രാഷ്ട്രീയ പ്രവർത്തകരും ഖിലാഫത്ത് നേതാക്കളുമായിരുന്നു സമ്മേളന നടത്തിപ്പുകാർ.

ഏപ്രിൽ 23ന് പ്രതിനിധി സമ്മേളനത്തോടെ ആരംഭം കുറിച്ചു. 24ന് കുടിയാൻ സമ്മേളനം, 25ന് ഉലമ, ഖിലാഫത്ത് സമ്മേളനം, 26ന് വിദ്യാർഥി സമ്മേളനം, തുടർന്ന് സമാപന സമ്മേളനം എന്നിങ്ങനെയാണ് പരിപാടികൾ ആസൂത്രണം ചെയ്തത്. എന്നാൽ 26ന് വിദ്യാർഥി സമ്മേളനം നടന്നുകൊണ്ടിരിക്കെ അങ്ങാടിയിൽ പൊലീസിന്റെ നേതൃത്വത്തിൽ ചില അതിക്രമങ്ങൾ നടന്നതിനാൽ സമ്മേളനം വേഗത്തിൽ അവസാനിപ്പിക്കുകയായിരുന്നു.

### പ്രതിനിധിസമ്മേളനം

ഏപ്രിൽ 23ന് കാലത്ത് പത്തുമണിയോടെ മദ്രാസ് മെയിലിൽ വന്നിറങ്ങിയ ആന്ധ്രാ കേസരി ടി. പ്രകാശത്തെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനിൽ പ്രകടനത്തോടെയാണ് പ്രവർത്തകർ സ്വീകരിച്ചത്. ഉച്ചക്ക് രണ്ടു മണിയോടെ പ്രതിനിധി സമ്മേളനം ടി. പ്രകാശത്തിന്റെ (പിന്നീട് അദ്ദേഹം സ്വതന്ത്ര ഇന്ത്യയിലെ മദിരാശി സംസ്ഥാനത്തെ മുഖ്യമന്ത്രിയായി) അധ്യക്ഷതയിലാണ് നടന്നത്. തിരുവിതാംകൂർ കൊച്ചിയിൽ നിന്നും ഏറനാട്, വള്ളുവനാട്, പൊന്നാനി തുടങ്ങി മലബാറിലെ മുഴുവൻ നഗര- ഗ്രാമങ്ങളിൽ നിന്നുമുള്ള 5000ത്തോളം പ്രതിനിധികൾ അന്ന് പങ്കെടുത്തു.

നാഗ്പൂരിലെ കോൺഗ്രസ് സെഷൻ അംഗീകരിച്ച നിസ്സഹകരണ തീരുമാനത്തിന് ഒറ്റപ്പാലം സമ്മേളനം പൂർണ പിന്തുണ നൽകി. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് അയക്കരുതെന്നും ദേശീയസ്ഥാപനങ്ങൾ പുതുതായി സ്ഥാപിച്ച് അവിടങ്ങളിൽ ചേർത്തു പഠിപ്പിക്കണമെന്നും അഭ്യർഥിച്ചു.

അഭിഭാഷകർ അവരുടെ പരിശീലനം ഉപേക്ഷിക്കണമെന്നും വ്യാപാരികൾ വിദേശ വസ്തുക്കൾ ബഹിഷ്കരിക്കണമെന്നും ആയുർവേദ വൈദ്യശാസ്ത്ര സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണമെന്നും കോൺഗ്രസ് അംഗങ്ങളായി ചേർന്ന് തിലക് സ്വരാജ് ഫണ്ടിലേക്ക് സംഭാവന നൽകണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു. സമ്മേളനത്തിലെ ആവേശകരമായ പ്രസംഗങ്ങൾ കേട്ടു സ്ത്രീകൾ തിലക് സ്വരാജ് ഫണ്ടിലേക്ക് സ്വർണാഭരണങ്ങൾ സംഭാവന ചെയ്തു.

### നിസ്സഹകരണ പ്രമേയാവതരണം

'അയർലണ്ടിൽ ഒരമ്മയ്ക്ക് മൂന്ന് ആൺമക്കളുണ്ടായിരുന്നു. അതിൽ രണ്ടുപേരെയും രാജ്യദ്രോഹക്കുറ്റം ചാർത്തി വെടിവെച്ചുകൊന്നു. അപ്പോൾ ആ ധീരമാതാവ് മൂന്നാമത്തെ മകനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവനെക്കൂടി വെടിവെച്ചു കൊല്ലുവിൻ എന്ന് അധികാരികളോട് ആവശ്യപ്പെട്ടു.' ഇങ്ങനെയൊരു സംഭവകഥ കെ.പി.കേശവമേനോൻ ഒറ്റപ്പാലത്തുവെച്ചുനടന്ന പ്രസ്തുത സമ്മേളനത്തിൽ നിസ്സഹകരണ

> **കാർഷിക പ്രതിസന്ധികളെ മുൻനിർത്തിക്കൊണ്ട് നടന്ന ജനകീയ സമരങ്ങളെ ചരിത്രകാരൻമാർ പല രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ട്. കാർഷികവൃത്തിയുമായി ജീവിക്കുന്ന സാധാരണക്കാർക്കിടയിലുണ്ടായിരുന്ന പ്രതിഷേധങ്ങളുടെയും പ്രതിസ്വരങ്ങളുടെയും സൂചന, ജന്മി-കുടിയാൻ കലാപം, വർഗീയ കലാപം എന്നൊക്കെ അതിനെ വിശേഷിപ്പിക്കുമ്പോഴും അത് യഥാർഥത്തിൽ കാർഷിക ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നവരുടെ ജീവിതസമരം തന്നെയായിരുന്നുവെന്നതിന്റെ തെളിവുകളാണ് ഈ നേതാക്കന്മാരുടെ ഇടപെടലുകളിലൂടെ കണ്ടെത്താൻ സാധിക്കുന്നത്.**

പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. ഈ സമരത്തിൽ അമ്മമാരുടെ കർത്തവ്യം എന്താണെന്ന് ബോധ്യപ്പെടുത്താൻ ആ സംഭവകഥ ഉപകാരപ്പെട്ടുവെന്ന് ബ്രഹ്മദത്തൻ നമ്പൂതിരി തന്റെ ഖിലാഫത്ത് സ്മരണയിൽ ഓർമിക്കുന്നുണ്ട്.

### കുടിയാൻ സമ്മേളനം

മലബാറിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട വിഷയം കുടിയായ്മ പ്രശ്നമായിരുന്നു. ജന്മിമാരുടെ കുടിയൊഴിപ്പിക്കലും മേൽച്ചാർത്തും ഇടനിലക്കാരായ കാണക്കാർ നടത്തുന്ന മത്സരവുമായിരുന്നു അവർ നേരിടുന്ന പ്രധാന പ്രശ്നം. മലയാള പത്രങ്ങളുടെ താളുകളിൽ ജന്മിമാരുടെ മർദന മുറകൾ സംബന്ധിച്ചും കുടിയാൻമാരുടെ ദുരിതത്തെ സംബന്ധിച്ചുമുള്ള വാർത്തകൾ നിറഞ്ഞിരുന്നു. കുടിയായ്മ പ്രശ്നം പലകുറി ജില്ലാകോൺഗ്രസ് സമ്മേളനങ്ങളിൽ ഉയർത്തപ്പെടുകയുണ്ടായി. 1916ൽ പാലക്കാട്ട് നടന്ന ആദ്യ ജില്ലാസമ്മേളനം മുതൽ ഈ വിഷയം സജീവമായി ചർച്ച ചെയ്യുകയും പ്രമേയങ്ങളായി അവതരിപ്പിക്കുകയും ചെയ്തു. ജന്മിമാരുടെ രൂക്ഷമായ എതിർപ്പും ഇടപെടലുകളും മൂലം ആ പ്രമേയങ്ങളൊന്നും അംഗീകരിക്കപ്പെട്ടില്ല. എന്നാൽ 1920ൽ മഞ്ചേരി സമ്മേളനത്തിൽ കുടിയാൻ അനുകൂല പ്രമേയം അവതരിപ്പിക്കുകയും അത് അംഗീകരിക്കുകയുമുണ്ടായി. ഇതിൽ പ്രതിഷേധിച്ചു പല ജന്മിമാരും കോൺഗ്രസ്വിട്ടു പുറത്തുപോയി. കൂടുതൽ അംഗങ്ങൾ കോൺഗ്രസ് വിട്ടുപോകുന്നത് ഒഴിവാക്കാൻ കൂടിയാകണം ഒറ്റപ്പാലം സമ്മേളനത്തിൽ പ്രത്യേകമായി ഒരു ദിവസം കുടിയായ്മ സമ്മേളന വേദിയാക്കി മാറ്റിയത്.

ഒറ്റപ്പാലം സമ്മേളനത്തിലും കുടിയാൻമാരുടെ ദുരിതത്തെ സംബന്ധിച്ച ഒരു പ്രമേയം പാസ്സാക്കിയെങ്കിലും നിയമനിർമാണം കൊണ്ടുവരുന്നതിന് ആവശ്യപ്പെടുകയുണ്ടായില്ല. കോൺഗ്രസുകാരിൽ പലരും കുടിയായ്മ സംഘം പ്രവർത്തർകൂടി ആയതിനാൽ കർഷക സമൂഹത്തിന്റെ പ്രതീക്ഷയായി മാറാൻ ഈ മുന്നേറ്റംകൊണ്ടു കഴിഞ്ഞു. വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത പേരുകളിലായി പ്രവർത്തിച്ചിരുന്ന ടെനൻസി അസോസിയേഷനുകൾ ഒരൊറ്റ സംഘമായി മാറിയത് ഒറ്റപ്പാലം സമ്മേളനത്തിൽവെച്ചാണ്. അന്ന് മലബാർ കുടിയാൻ സംഘം (എം.കെ.എസ്) രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. 1916ൽ ജില്ലാകോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്ന കെ.പി.രാമൻ മേനോൻ പ്രസിഡന്റായ ഒരു സമിതിയുടെ പ്രഖ്യാപനം കൂടി ആ വേദിയിൽവെച്ചു നടന്നു. എം. കൃഷ്ണൻ നായർ, ജി. ശങ്കരൻ നായർ, കുഞ്ഞിരാമ മേനോൻ തുടങ്ങിയവരായിരുന്നു കുടിയായ്മ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കൾ. എം. പി. നാരായണ മേനോനായിരുന്നു ഏപ്രിൽ 24നു നടന്ന കുടിയാൻ സമ്മേളനത്തിന്റെ നട്ടെല്ല്. അദ്ദേഹവും കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും ചേർന്നാണ് പിന്നീട് വള്ളുവനാട്, ഏറനാട് താലൂക്കുകളിൽ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തും അതിശക്തമായ രീതിയിൽ നിലനിന്നിരുന്ന മലബാറിലെ സാമൂഹിക അസ്വസ്ഥതകളെക്കുറിച്ച് ബോധവാൻമാരായ നേതാക്കൾ ശാശ്വത പരിഹാരം നേടിയെടുക്കുക എന്നതിന്റെ ഭാഗമായി ഈ പ്രദേശങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നു.

കാർഷിക പ്രതിസന്ധികളെ മുൻനിർത്തിക്കൊണ്ട് നടന്ന ജനകീയ സമരങ്ങളെ ചരിത്രകാരൻമാർ പല രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ട്. കാർഷികവൃത്തിയുമായി ജീവിക്കുന്ന സാധാരണക്കാർക്കിടയിലുണ്ടായിരുന്ന പ്രതിഷേധങ്ങളുടെയും പ്രതിസ്വരങ്ങളുടെയും സൂചന, ജന്മി-കുടിയാൻ കലാപം, വർഗീയ കലാപം എന്നൊക്കെ അതിനെ വിശേഷിപ്പിക്കുമ്പോഴും അത് യഥാർഥത്തിൽ കാർഷിക ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നവരുടെ ജീവിതസമരം തന്നെയായിരുന്നുവെന്നതിന്റെ തെളിവുകളാണ് ഈ നേതാക്കന്മാരുടെ ഇടപെടലുകളിലൂടെ കണ്ടെത്താൻ സാധിക്കുന്നത്.

### ഉലമ, ഖിലാഫത്ത് സമ്മേളനം

മഞ്ചേരി സമ്മേളനം ഉണ്ടാക്കിയ ആവേശം കാരണം മലബാറിലെ ഉൾഗ്രാമങ്ങളിൽ പോലും ഖിലാഫത്ത് കമ്മിറ്റികൾക്കും കൂട്ടായ്മകൾക്കും വർധിച്ച പിന്തുണ അതിവേഗം ലഭിച്ചുതുടങ്ങി. മിക്ക ദിവസങ്ങളിലും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ യോഗങ്ങൾ ജില്ലയിലുടനീളം നടന്നിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഒറ്റപ്പാലത്ത് കേരള ഉലമ സമ്മേളനം/ മജ്‌ലിസുൽ ഉലമ എന്ന പേരിൽ ആദ്യ ഖിലാഫത്ത് സമ്മേളനം വിളിച്ചുചേർക്കപ്പെടുന്നത്. അടുക്കും ചിട്ടയോടെ സംഘടിപ്പിച്ച പ്രസ്തുത സമ്മേളനം നിയന്ത്രിച്ചിരുന്നത് പട്ടാളം എന്ന് പേരുള്ള പ്രത്യേക മാപ്പിള വളണ്ടിയർ കോറായിരുന്നു. മേടം പതിമൂന്നിന് ഖിലാഫത്ത് പട്ടാളത്തിന്റെ അകമ്പടിയോടെ ദക്ഷിണേന്ത്യൻ മജ്‌ലിസുൽ ഉലമയുടെ പ്രമുഖ നേതാ

വായിരുന്ന ആന്ധ്രയിലെ മൗലവി സയ്യിദ് മുർത്തളായുടെ അധ്യക്ഷതയിൽ ചേർന്ന ഖിലാഫത്ത് സമ്മേളനം അന്നത്തെ കേരളത്തിലെ മുസ്‌ലിം നേതാക്കളെക്കൊണ്ടും പ്രതിനിധികളെക്കൊണ്ടും വേദിയും സദസ്സും സമ്പന്നമായിരുന്നു. മൂന്നു പ്രമേയങ്ങളാണ് ആ പ്രൗഢഗംഭീര സമ്മേളനസദസ്സ് അംഗീകരിച്ചത്.


1) യൂറോപ്യൻ ശക്തികൾ പ്രത്യേകിച്ചും അതിൽ പ്രമുഖരായ സഖ്യശക്തികൾ ഏകമനസ്സോടെ ഖിലാഫത്തിനെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനാൽ കേരളത്തിലെ മുസ്‌ലിംകളെല്ലാവരും യോജിച്ചുകൊണ്ട് ഇന്നു നേരിടുന്ന ആപത്തിൽനിന്ന് ഇസ്‌ലാമിനെ രക്ഷിക്കാൻ രംഗത്തിറങ്ങണമെന്നും തങ്ങളുടെ സകാത്ത് വിഹിതത്തിന്റെ ഒരു ഭാഗം ഖിലാഫത്ത് ഫണ്ടിലേക്ക് നീക്കിവെക്കണമെന്നും ഈ സമ്മേളനം അഭിപ്രായപ്പെട്ടു.

2) ഇന്ത്യൻ മതനേതാക്കളായ ഉലമാക്കളുടെ ഫത്‌വകളും പ്രമേയങ്ങളും അനുസരിച്ചുകൊണ്ട് അക്രമരഹിത നിസ്സഹകരണം നടത്തണമെന്ന് ഈ സമ്മേളനം ആവശ്യപ്പെട്ടു.

3) കോൺഗ്രസിന്റെ ശ്രമത്തിലൂടെ ഇന്ത്യ സ്വരാജ്യം നേടുവാനും ഖിലാഫത്ത് പ്രശ്നം പരിഹരിക്കുന്നതിനുമായി കേരളത്തിലെ 21 വയസ്സ് തികഞ്ഞ സ്ത്രീ, പുരുഷൻമാരെല്ലാം വർഷത്തിൽ നാലണ വീതം സംഭാവന നൽകി ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ മെമ്പർമാരാകണമെന്നും ഈ സമ്മേളനം അഭ്യർഥിച്ചു.

മലബാറിലെ മാപ്പിളമാരെല്ലാം കോൺഗ്രസിൽ ചേർന്ന് സഹകരിക്കണമെന്ന് എം.പി. നാരായണ മേനോൻ തന്റെ പ്രസംഗത്തിൽ അഭ്യർഥിച്ചു. അയ്യായിരത്തോളം പ്രതിനിധികൾ സന്നിഹിതരായിരുന്ന ഈ സമ്മേളനത്തിൽ ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ നിന്നും ജാഥയായി വന്നിരുന്ന മാപ്പിള സംഘങ്ങൾ, ജനങ്ങളിൽ രാജ്യസ്നേഹവും കോൺഗ്രസ്, ഖിലാഫത്ത് പ്രസ്ഥാനങ്ങളെപ്പറ്റി അഭിമാനവും ഉളവാക്കി.

മജ്‌ലിസുൽ ഉലമയുടെ കേരള ഘടകത്തിന്റെ രൂപീകരണവും പ്രഖ്യാപനവും ഒറ്റപ്പാലം സമ്മേളനത്തിൽ വെച്ചു നടന്നു. ഭാരവാഹികളായി മൗലവി സയ്യിദ് മുർത്തളാ (പ്രസിഡന്റ്), വക്കം എം. മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി, ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, മൗലവി പി. കുഞ്ഞഹമ്മദ് (വൈസ് പ്രസിഡന്റുമാർ), ഇ. മൊയ്തു മൗലവി (ജനറൽ സെക്രട്ടറി), കട്ടിലശ്ശേരി എം. വി മുഹമ്മദ് മൗലവി, മൗലവി അറബി ഷംനാട് കാസർഗോഡ്, മൗലവി എ. മുഹമ്മദ് കുഞ്ഞു വക്കം എന്നിവർ (അസിസ്റ്റന്റ് സെക്രട്ടറിമാർ) തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള പ്രദേശങ്ങളിലെ പ്രമുഖ മതപണ്ഡിതൻമാർ ആ സംഘടനയിൽ അംഗങ്ങളായി.




## വിദ്യാർഥി സമ്മേളനം

ഏപ്രിൽ 26ന് ഇൻഡിപെൻഡൻസ് പത്രാധിപർ ജോർജ് ജോസഫിന്റെ (പിന്നീട് ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായി) അധ്യക്ഷതയിലാണ് വിദ്യാർഥി സമ്മേളനം ആ പന്തലിൽ വെച്ചു നടന്നത്. ഐക്യകേരളത്തിൽ വിപുലമായി നടന്ന ആദ്യ സമ്പൂർണ വിദ്യാർഥി സമ്മേളനമായി ചരിത്രത്തിലിടം നേടി അന്നത്തെ ഒറ്റപ്പാലം കോൺഫറൻസ്. പണ്ഡിതനും പ്രഭാഷകനുമായ പാലിയത്ത് ചെറിയ കുഞ്ഞുണ്ണി അച്ഛൻ സമകാലിക രാഷ്ട്രീയ വിഷയങ്ങളുടെ പ്രാധാന്യം സദസ്സിനെ

സഗൗരവം ബോധിപ്പിച്ചു. ദേശീയതലത്തിൽ ഉയർന്നുവരുന്ന പ്രക്ഷോഭസമരങ്ങളുടെ അർഥവും വ്യാപ്തിയും ബോധ്യപ്പെടുത്തുന്നതിനോടൊപ്പം വിദ്യാർഥിത്വം സമരസജ്ജമാകേണ്ടതിന്റെ പ്രധാന്യത്തെയും കുറിച്ചുള്ള ദിശാബോധം നൽകുന്നതായിരുന്നു നേതാക്കളുടെ പ്രസംഗത്തിന്റെ ഉള്ളടക്കം.

### അനിഷ്ട സംഭവങ്ങൾ

വിദ്യാർഥി സമ്മേളനത്തിൽ ജോർജ് ജോസഫ് തന്റെ അധ്യക്ഷ പ്രസംഗം നടത്തുന്നതിനിടയിലാണ് അങ്ങാടിയിൽ സമ്മേളനപ്രതിനിധികൾ ഉൾപ്പെടെയുള്ള വളണ്ടിയർമാരെ പൊലീസ് മർദിക്കുന്നതായി പന്തലിലേക്ക് ഒരാൾ ഓടിവന്നു പറയുന്നത്. വിവരങ്ങൾ ചോദിച്ചറിഞ്ഞ നേതാക്കൾ കാര്യങ്ങൾ അവിടെപ്പോയി അന്വേഷിക്കാൻ സ്വാഗതസംഘം സെക്രട്ടറി പെരുമ്പിലാവിൽ രാവുണ്ണിമേനോനെ പറഞ്ഞയച്ചു. അങ്ങാടിയിലെത്തിയ അദ്ദേഹത്തെയും പൊലീസ് അതിക്രൂരമായാണ് മർദിച്ചത്. മടക്കയാത്രയ്ക്ക് ഒരുങ്ങിയ മലപ്പുറം കുഞ്ഞിത്തങ്ങളെയും റെയിൽവേ സ്‌റ്റേഷൻ പരിസരത്തുവെച്ച് പൊലീസ് വെറുതെ വിട്ടില്ല. സമാധാനപരമായി സമ്മേളനം നടന്നുകൊണ്ടിരിക്കെ ഒരു പ്രകോപനവുമില്ലാതെ വളണ്ടിയർമാരെയും സമ്മേളനപ്രതിനിധികളെയും ക്രൂരമായി ആക്രമിച്ചു ഭീകരാന്തരീക്ഷം സൃഷ്ടിച്ചപ്പോൾ, വിദ്യാർഥി സമ്മേളനം വേഗത്തിൽ അവസാനിപ്പിച്ചു. സമ്മേളനപ്പന്തൽ പിന്നെ സമരപ്പന്തലായി മാറാൻ ഏറെ സമയം വേണ്ടിവന്നില്ല. എന്നാൽ നമ്മുടെ ആയുധം ക്ഷമയും ശക്തി സഹിഷ്ണുതയും ആയിരിക്കണമെന്നഭ്യർഥിച്ചുകൊണ്ട്, പ്രകോപിതരായ വളണ്ടിയർമാരെ ഫലപ്രദമായി നിയന്ത്രിക്കാൻ നേതാക്കൾക്കു കഴിഞ്ഞു. പോലിസ് തേർവാഴ്ചയിൽ പ്രതിഷേധിച്ചു സമ്മേളനനഗരിയിൽനിന്നും ഒരു ബഹുജന റാലി ഒറ്റപ്പാലം പട്ടണത്തിലൂടെ പ്രദക്ഷിണം നടത്തി. ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഒറ്റപ്പാലം പട്ടണത്തിലെ കടകമ്പോളങ്ങൾ തുടർന്നുള്ള മൂന്ന് ദിവസം അടച്ചിടുകയും ജില്ലയിലെ വിവിധഭാഗങ്ങളിൽ ഹർത്താലും പ്രതിഷേധപ്രകടനങ്ങളും നടക്കുകയും ചെയ്തു.


> **സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ആക്കം കൂട്ടുന്നതിന് കൂടുതൽ ഇന്ധനം പകരുകയാണ് യഥാർഥത്തിൽ ഒറ്റപ്പാലം സമ്മേളനം ചെയ്തത്. ഖിലാഫത്ത് വളണ്ടിയർമാരെയും കുടിയായ്മ പ്രവർത്തകരെയും വിദ്യാർഥികളെയും മതനേതാക്കളെയും ഒരേവേദിയിൽ കൊണ്ടുവരുന്നതിനു സഹായിച്ച ആദ്യത്തെ രാഷ്ട്രീയ സമ്മേളനത്തിനാണ് ഒറ്റപ്പാലം വേദിയായിത്തീർന്നത്. സ്വാതന്ത്ര്യസമര പോരാട്ടത്തിലെ കേരള മോഡൽ എന്ന് വിശേഷിപ്പിക്കാവുന്ന ഒറ്റപ്പാലം സമ്മേളനം തളർന്നുപോയ ജനോത്സാഹത്തിനു നവജീവൻ പകർന്നു. കേരള ചരിത്രത്തെ ഇളക്കി പ്രതിഷ്ഠിച്ച സമരത്തിനാണ് പിന്നീട് മലബാർ സാക്ഷിയായത്.**

### പൊലീസ് അതിക്രമം ആസൂത്രിതം

ഏപ്രിൽ 23 മുതൽ തന്നെ സമ്മേളന നഗരിയും ഒറ്റപ്പാലം പട്ടണവും പൊലീസ് കാവലിലായിരുന്നു. ചരിത്രകാരനായ കെ.കെ.മുഹമ്മദ് അബ്ദുൽ കരീമിന്റെ അഭിപ്രായത്തിൽ ഒറ്റപ്പാലം സംഭവം ഉദ്യോഗസ്ഥൻമാരുടെ ഗൂഢാലോചനയായിരുന്നു. ജില്ലാ ജഡ്ജിയെയും പൊലീസുകാരെയും ജനങ്ങൾ ഭയപ്പെടുന്നില്ലെന്ന ബോധം മലബാർ കളക്ടർ ഇ.എഫ് തോമസിനെയും കൂട്ടുകാരെയും വിറളി പിടിപ്പിച്ചിരുന്നു. സമ്മേളനം നടക്കുന്ന പന്തലിനകത്ത് നിന്നിരുന്ന പൊലീസുകാരോട് ഭാരവാഹികൾ പുറത്തുപോകാനാവശ്യപ്പെട്ടത് അവരെ ചൊടിപ്പിച്ചു. അങ്ങാടിയിലെ കച്ചവടക്കാർ പോലും പൊലീസിനെ വിലവെച്ചില്ല. മാമൂലായ സോഡ, ചായ എന്നിവയൊന്നും പൊലിസുകാർക്ക് അവർ നൽകിയില്ല. ക്രമസമാധാനത്തിനെന്നു പറഞ്ഞ് അങ്ങാടിയിലൂടെ കവാത്ത് നടത്തിയ എം. എസ്. പിക്കാരെ ജനങ്ങൾ കൂക്കി വിളിച്ചുവത്രെ! പൊലീസ് സൂപ്രണ്ട് ഹിച്ച് കോക്ക്, ആമു സാഹിബ്, മാങ്ങോട്ട് നാരായണ മേനോൻ മുതലായവർ ഇതൊരപമാനമായിക്കണ്ടു. ഇത് തടഞ്ഞില്ലെങ്കിൽ പൊലീസിന്റെ പ്രതാപം അവസാനിച്ചേക്കുമെന്ന് അവർ ഭയപ്പെട്ടു. മാപ്പിളമാരുടെ അച്ചടക്കം അവരിൽ ആശങ്കയുളവാക്കി. വേണ്ടത്ര പ്രകോപനമേൽപിച്ചാൽ മാപ്പിളമാർ തിരിച്ചടിക്കുമെന്നാണ് ഉദ്യോഗസ്ഥന്മാർ കരുതിയത്. സമ്മേളനത്തിനെത്തിയ പ്രതിനിധികൾ അടങ്ങിയിരുന്നു എന്നു മനസ്സിലാക്കിയപ്പോൾ എം.എസ്.പിക്കാർ കച്ചവടക്കാരുടെ നേരെ തിരിഞ്ഞു. അവർ ഭ്രാന്തമായി പീടികകൾ കൊള്ള ചെയ്തു. കച്ചവടക്കാരെ മർദിച്ചു, വഴിപോക്കരെ തല്ലി. മേലുദ്യോഗസ്ഥൻമാരുടെ അറിവോടെയും ആവശ്യപ്രകാരവുമാണ് എം.എസ്.പി യും റിസർവ്ഡ് പൊലീസും ആക്രമം അഴിച്ചുവിട്ടതെന്ന് എല്ലാവർക്കും ബോധ്യമായി.

### അന്വേഷണ പ്രഹസനം

സമ്മേളനം നടക്കുന്നതിനിടയിൽ ഒറ്റപ്പാലത്തുവെച്ചുണ്ടായ പൊലീസ് അതിക്രമങ്ങളെ സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ടി. പ്രകാശം ചെയർമാനും എൽ.എ സുബ്രമണ്യ അയ്യർ, മുർത്തളാ സാഹിബ്, ജോർജ് ജോസഫ്, കെ.പി.കേശവ മേനോൻ എന്നിവർ അംഗങ്ങളായുമുള്ള ഒരു അന്വേഷണ കമ്മീഷനെ കോൺഗ്രസ് പ്രഖ്യാപിക്കുകയുണ്ടായി. വിശദമായി പഠിച്ചു ഒരു മാസത്തിനകം സമിതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും പ്രസിദ്ധീകരിക്കയും ചെയ്തു. എന്നാൽ സമിതിയിലെ അംഗങ്ങൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ബ്രിട്ടീഷ് അധികാരികൾ പ്രസ്തുത റിപ്പോർട്ട് നിരോധിക്കുകയാണുണ്ടായത്. പ്രതിഷേധം ആളിക്കത്തും എന്ന് ഭയപ്പെട്ട, ആ സംഭവങ്ങളെക്കുറിച്ചും നേരിട്ടുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രകാശം കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചും അന്വേഷിക്കാൻ പിന്നീട് മദ്രാസ് സർക്കാർ ഉത്തരവിട്ടു. എന്നാൽ ഈ പ്രഖ്യാപനം പ്രഹസനമെന്ന് മനസ്സിലാക്കിയ കെ.പി.കേശവമേനോൻ ബ്രിട്ടീഷ് നീതിബോധത്തിൽ വിശ്വാസമില്ലെന്നും തനിക്ക് ലഭിച്ച ശിക്ഷ അനുഭവിക്കാൻ വിധേയനാണെന്നും കോടതിയിൽ പറഞ്ഞു.



### സമ്മേളനത്തിലെ പ്രഗത്ഭസാന്നിധ്യം

എൽ.എ.സുബ്ബരാമ അയ്യർ, കെ. എം. മൗലവി, കെ. രാമുണ്ണി മേനോൻ, ഇ. മൊയ്തു മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മൗലവി, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസ്‌ലിയാർ, ബ്രഹ്മദത്തൻ നമ്പൂതിരി, പെരുമ്പിലാവിൽ രാവുണ്ണി മേനോൻ, ചെങ്ങളത്ത് മാധവ മേനോൻ, ഹമീദ് ഖാൻ, എം.പി.നാരായണ മേനോൻ, കെ. കേളപ്പൻ, ഡൽഹി ജാമിഅ മില്ലിയ്യ വിദ്യാർഥിയായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, (അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശന കവാടമായി മാറി ഒറ്റപ്പാലം സമ്മേളനം, പിന്നീട് അദ്ദേഹം സെക്രട്ടറിയായുള്ള കേരള ഖിലാഫത്ത് കമ്മിറ്റിക്കു രൂപം നൽകി. കട്ടിലശ്ശേരി മുഹമ്മദ് മൗലവിയായിരുന്നു പ്രസിഡന്റ്), എം.പി. ഗോവിന്ദ മേനോൻ, സുന്ദരയ്യർ ഒറ്റപ്പാലം തുടങ്ങി വള്ളുവനാട്, ഏറനാട് പ്രദേശങ്ങളിലെ പൗരപ്രമുഖരും അഭിഭാഷകരും രാഷ്ട്രീയ പ്രവർത്തകരും ഖിലാഫത്ത് നേതാക്കളുമായിരുന്നു സമ്മേളനത്തിലെ പ്രഗത്ഭസാന്നിധ്യം.

സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ആക്കംകൂട്ടുന്നതിന് കൂടുതൽ ഇന്ധനം പകരുകയാണ് യഥാർഥത്തിൽ ഒറ്റപ്പാലം സമ്മേളനം ചെയ്തത്. ഖിലാഫത്ത് വളണ്ടിയർമാരെയും കുടിയായ്മ പ്രവർത്തകരെയും വിദ്യാർഥികളെയും മതനേതാക്കളെയും ഒരേവേദിയിൽ കൊണ്ടുവരുന്നതിനു സഹായിച്ച ആദ്യത്തെ രാഷ്ട്രീയ സമ്മേളനത്തിനാണ് ഒറ്റപ്പാലം വേദിയായിത്തീർന്നത്. സ്വാതന്ത്ര്യസമര പോരാട്ടത്തിലെ കേരള മോഡൽ എന്ന് വിശേഷിപ്പിക്കാവുന്ന ഒറ്റപ്പാലം സമ്മേളനം തളർന്നുപോയ ജനോത്സാഹത്തിനു നവജീവൻ പകർന്നു. കേരള ചരിത്രത്തെ ഇളക്കി പ്രതിഷ്ഠിച്ച സമരത്തിനാണ് പിന്നീട് മലബാർ സാക്ഷിയായത്.

### റഫറൻസ്:


1) കെ.എൻ പണിക്കർ, 'മലബാർ കലാപം; പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരെ,' ഡിസി ബുക്സ് 2004.

2) കെ. കെ. മുഹമ്മദ് അബ്ദുൽ കരീം, 'ശഹീദ് വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജി,' ഐ.പി.എച്ച്, ജൂലൈ 2020.

3) കെ. മാധവൻ നായർ, 'മലബാർ കലാപം,' മാതൃഭൂമി ബുക്സ്, കോഴിക്കോട് (അഞ്ചാം പതിപ്പ് 2016).

4) മോഴിക്കുന്നത്ത് ബ്രാഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മരണകൾ. 1965, കോഴിക്കോട്.

5) പ്രൊഫ.കോൺറാഡ് വുഡ്, 'മലബാർ കലാപം; അടിവേരുകൾ.' പരിഭാഷ: ടി.വി.കെ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, മാർച്ച് 2000.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 56, ഭാഗം 7

# അൽവാക്വിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

90. എന്നാൽ അവൻ വലതുപക്ഷക്കാരിൽ പെട്ടവനാണെങ്കിലോ,

91. വലതുപക്ഷക്കാരിൽപെട്ട നിനക്ക് സമാധാനം എന്നായിരിക്കും (അവന്നു ലഭിക്കുന്ന അഭിവാദ്യം).

92. ഇനി അവൻ ദുർമാർഗികളായ സത്യനിഷേധികളിൽ പെട്ടവനാണെങ്കിലോ,

93. ചുട്ടുതിളക്കുന്ന വെള്ളംകൊണ്ടുള്ള സൽക്കാരവും

94. നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കലുമാണ് (അവന്നുള്ളത്).

95. തീർച്ചയായും ഇതുതന്നെയാണ് ഉറപ്പുള്ള യാഥാർഥ്യം.

96. ആകയാൽ നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക.

وَأَمَّآ إِن كَانَ مِنْ أَصْحَٰبِ ٱلْيَمِينِ ﴿٩٠﴾

فَسَلَٰمٌ لَّكَ مِنْ أَصْحَٰبِ ٱلْيَمِينِ ﴿٩١﴾


وَأَمَّآ إِن كَانَ مِنَ ٱلْمُكَذِّبِينَ ٱلضَّآلِّينَ ﴿٩٢﴾

فَنُزُلٌ مِّنْ حَمِيمٍ ﴿٩٣﴾

وَتَصْلِيَةُ جَحِيمٍ ﴿٩٤﴾

إِنَّ هَٰذَا لَهُوَ حَقُّ ٱلْيَقِينِ ﴿٩٥﴾

فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ ﴿٩٦﴾



90-91). (എന്നാൽ അവൻ വലതുപക്ഷക്കാരിൽ പെട്ടവനാണെങ്കിലോ). അവർ നിർബന്ധങ്ങൾ നിറവേറ്റിയവരും നിഷിദ്ധങ്ങൾ ഉപേക്ഷിച്ചവരുമാണ്. ചില ന്യൂനതകളും, ബാധ്യത നിർവഹണത്തിൽ വിശ്വാസത്തിനോ തൗഹീദിനോ തകരാറ് സംഭവിക്കാത്ത ചില വീഴ്ചകളും സംഭവിച്ചിട്ടുണ്ട്. അവരിൽപെട്ടവരോട് പറയപ്പെടുക (വലതുപക്ഷക്കാരിൽപെട്ട നിനക്ക് സമാധാനം എന്നായിരിക്കും). വലതുപക്ഷ സഹോദരന്മാരിൽനിന്നും നിനക്ക് സമാധാനം ലഭിക്കും. അവർ അവന്റെമേൽ സലാം പറയും; അവൻ അവരെ കണ്ടുമുട്ടുമ്പോഴും. മറ്റൊരാശയം: എല്ലാ ശിക്ഷാ പരീക്ഷണങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും നിനക്ക് രക്ഷ. കാരണം നീ വലതുപക്ഷക്കാരിൽ പെട്ടവനാണല്ലോ. അവർ നാശങ്ങളിൽനിന്ന് സുരക്ഷിതരാണ്.

92-94). (ഇനി അവൻ ദുർമാർഗികളായ സത്യനിഷേധികളിൽ പെട്ടവനാണെങ്കിൽ) സന്മാർഗത്തിൽനിന്ന് വഴിതെറ്റിപ്പോയ, സത്യത്തെ കളവാക്കിയവൻ. (ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരവും നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കലുമാണ് അവനുള്ളത്). തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ അവർ വരുമ്പോൾ അവർക്കുള്ള ആതിഥ്യം നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കലാണ്. അതവരെ വലയം ചെയ്യുകയും ഹൃദയങ്ങളിലേക്കെത്തുകയും ചെയ്യും. ദാഹകാഠിന്യത്താൽ അവർ വെള്ളം ചോദിക്കുമ്പോൾ

يُغَاثُوا بِمَاءٍ كَالْمُهْلِ يَشْوِي الْوُجُوهَ ۚ بِئْسَ الشَّرَابُ وَسَاءَتْ مُرْتَفَقًا ﴿٢٩﴾

"ഉരുക്കിയ ലോഹം പോലുള്ള ഒരു വെള്ളമായിരിക്കും അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ എരിച്ചുകളയും. വളരെ ദുഷിച്ച പാനീയംതന്നെ. അത് വളരെ ദുഷിച്ച വിശ്രമസ്ഥലം തന്നെ" (18:29).

95) (തീർച്ചയായും ഇത്) അടിമയുടെ നല്ലതും ചീത്തയുമായ പ്രവർത്തനങ്ങൾക്ക് പ്രതിഫലമായി അല്ലാഹു വ്യക്തമാക്കിയ കാര്യങ്ങൾ. (ഇതുതന്നെയാണ് ഉറപ്പുള്ള യാഥാർഥ്യം). അതിൽ സംശയമോ സന്ദേഹമോ ഇല്ല. മറിച്ച്, സംഭവിക്കുമെന്ന് ഉറപ്പുള്ള യാഥാർഥ്യം. അതിന് ഖണ്ഡിതമായ തെളിവുകൾ അല്ലാഹു തന്നെ നിലനിർത്തിയിട്ടുണ്ട്. എത്രമാത്രമെന്നാൽ ബുദ്ധിയുള്ളവർ ആ യാഥാർഥ്യം കണ്ണിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്നപോലെ അവർക്ക് തോന്നും. അവർക്ക് അല്ലാഹു നൽകിയ ഈ മഹത്തായ അനുഗ്രഹത്തിന്, വമ്പിച്ച കാരുണ്യത്തിന് അവർ അല്ലാഹുവിനെ സ്തുതിക്കും.

96). അതാണ് അല്ലാഹു പറഞ്ഞത്: (ആകയാൽ നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക). മഹാനായ നമ്മുടെ രക്ഷിതാവ് മഹാപരിശുദ്ധൻ. നിഷേധികളും അക്രമികളും പറഞ്ഞുണ്ടാക്കുന്നതിൽനിന്ന് ഏറ്റവും ഉന്നതമായ നിലയിൽ പരിശുദ്ധനായിരിക്കുന്നു. ലോകരക്ഷിതാവായ അല്ലാഹുവിന് വിശിഷ്ടമായ, അനുഗ്രഹം നിറഞ്ഞ ധാരാളം സ്തുതി.

സൂറഃ അൽവാക്വിഅയുടെ വ്യാഖ്യാനം പൂർത്തിയായി.




ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# ആദരിക്കപ്പെടുന്ന ദൈവദൂതൻ

**മുഹമ്മദ് നബി ﷺ 14**

ദ്വിമാദിന്റെ ചോദ്യം കേട്ടപ്പോൾ നബി ﷺ കോപാകുലനായില്ല. മറിച്ച്, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് സഹായം ചോദിക്കുകയും പിന്നീട് ശഹാദത്ത് കലിമ ഉരുവിടുകയുമാണ് ചെയ്തത്. അതു കേട്ടപ്പോൾ ദ്വിമാദി رضي الله عنه ന്റെ മനസ്സിൽ ചലനമുണ്ടായി. ആ വചനങ്ങൾ ഒന്നുകൂടെ ആവർത്തിക്കാൻ നബി ﷺ യോട് അദ്ദേഹം ആവശ്യപ്പെട്ടു. നബി ﷺ അദ്ദേഹത്തിനുവേണ്ടി മൂന്നുതവണ അവ ആവർത്തിച്ചു. ജ്യോത്സ്യന്മാരുടെയും മാരണക്കാരുടെയും കവികളുടെയുമെല്ലാം സംസാരം നന്നായി അറിയാവുന്ന അദ്ദേഹത്തിന് ഇത് മക്കയിലെ വിഡ്ഢികൾ പ്രചരിപ്പിക്കുന്നത് പോലെ ഒരു ഭ്രാന്തന്റെ സംസാരമല്ല എന്ന് ബോധ്യമായി. ഉടനെ റസൂലി ﷺ നോട് ഞാൻ മുസ്‌ലിമാകാൻ തയ്യാറാണെന്ന് അറിയിച്ച് ഉടമ്പടി ചെയ്യാൻ അവിടുത്തെ കരങ്ങൾ നീട്ടിക്കൊടുക്കാൻ ദ്വിമാദ് رضي الله عنه ആവശ്യപ്പെടുകയും ഉടമ്പടി എടുക്കുകയും ചെയ്തു. ശേഷം നബി ﷺ അദ്ദേഹത്തിന്റെ സമൂഹത്തോടും ഈ കാര്യം പറഞ്ഞുകൊടുക്കുമോ എന്ന് ചോദിച്ചു. അദ്ദേഹം അതിന് സമ്മതിക്കുകയും ചെയ്തു.

ഇന്നും പ്രവാചകനെനെതിരെ ദുഷ്പ്രചാരണങ്ങൾ നടക്കുന്നുണ്ട്. അതിനായി സിനിമകളും കാർട്ടൂണുകളും ഇറങ്ങിയിട്ടുണ്ട്. എന്നാൽ അന്ന് ദ്വിമാദ്വും ﷺ പിന്നീട് അദ്ദേഹം നിമിത്തം അദ്ദേഹത്തിന്റെ സമൂഹവും ഇസ്‌ലാമിലേക്ക് വരാൻ അപവാദപ്രചാരണം കാരണമായതുപോലെ ഈ സിനിമകളും കാർട്ടൂണുകളും നബിﷺയുടെ ജീവിതത്തെക്കുറിച്ച് പഠിക്കുവാനും ഇസ്‌ലാമിലേക്ക് കടന്നുവരാനും പലർക്കും വഴിയൊരുക്കിയിട്ടുണ്ട് എന്നതാണ് വസ്തുത.

ദ്വിമാദിﷺന്റെ അവസ്ഥ മനസ്സിലാക്കി പെരുമാറിയ നബിﷺടെ മാതൃക ഏതുകാലക്കാർക്കും മാതൃകയാണ്. നബിﷺയുടെ സ്വഭാവമഹിമയെ ക്വുർആൻ പുകഴ്ത്തിയതായി കാണാം:

"(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (ക്വുർആൻ 3:159).

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (ക്വുർആൻ 21:107).

"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 68:4).

ലോകത്തിന് കാരുണ്യമായി അയക്കപ്പെട്ട മുഹമ്മദ് നബിﷺ കാരുണ്യത്തിന്റെയും സഹനത്തിന്റെയും വിട്ടുവീഴ്ചയുടെയും മകുടോദാഹരണമായിരുന്നു. അധികാരം ലഭിച്ചപ്പോൾ പോലും തന്നെയും അനുയായികളെയും കഠിനമായി ദ്രോഹിച്ച ശത്രുക്കൾക്ക് അദ്ദേഹം മാപ്പുനൽകി. എല്ലാവരോടും സൗമ്യമായി പെരുമാറി. പാവങ്ങളെ അളവറ്റു സഹായിച്ചു. നബിﷺ പരുക്കൻ സ്വഭാവക്കാരനായിരുന്നെങ്കിൽ ആളുകൾ അദ്ദേഹത്തിൽനിന്ന് അകലുമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ കാരുണ്യത്താൽ അദ്ദേഹം വളർന്നതുതന്നെ സൽസ്വഭാവിയായിട്ടായിരുന്നു. സൗമ്യമായിട്ടേ ആരോടും പെരുമാറിയിട്ടുള്ളൂ. അത് അനുഭവിച്ചറിഞ്ഞവർ ആ പ്രവാചകനെ അംഗീകരിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു.

സത്യം മനസ്സിലാക്കിയ ദ്വിമാദിﷺന് അത് സ്വീകരിക്കാൻ മറിച്ചൊന്നും ആലോചിക്കാനില്ലായിരുന്നു. നിഷ്കളങ്ക ഹൃദയമുള്ളവർ അങ്ങനെയാണ്. സത്യത്തിന് മനുഷ്യഹൃദയത്തിൽ ഒരു സ്ഥാനമുണ്ട്. ഫിർഔനിന്റെ ഭീഷണി വകവെക്കാതെ ജാലവിദ്യക്കാർ മൂസാനബിﷺയിൽ വിശ്വസിച്ച ചരിത്രം അതാണ് ബോധ്യപ്പെടുത്തുന്നത്. ഇങ്ങനെ ധാരാളം സംഭവങ്ങൾ ക്വുർആനിലും ഹദീസുകളിലും നമുക്ക് കാണാം.

ഏതൊരാളും നരകത്തിൽ പ്രവേശിക്കുക എന്നത് നബിﷺക്ക് ഏറെ വിഷമമുണ്ടാക്കുന്ന കാര്യമായിരുന്നു. അതിനാൽ അവിടുന്ന് ജനങ്ങൾക്ക് ഈ സത്യം എത്തിക്കാൻ ആവുന്ന മാർഗങ്ങളെല്ലാം ഉപയോഗപ്പെടുത്തി. ദ്വിമാദ്ﷺ ഇസ്‌ലാമിലേക്ക് വന്നതിനുശേഷം നബിﷺ അദ്ദേഹത്തോട് നിങ്ങളുടെ സമൂഹത്തോടും ഈ കാര്യം എത്തിക്കുമല്ലോ എന്ന് ആരാഞ്ഞത് അവിടുത്തേക്ക് ജനങ്ങളോടുള്ള ഗുണകാംക്ഷയുടെ അടയാളമാണ്. ഇസ്‌ലാമിക പ്രബോധനത്തിന്റെ മഹത്ത്വവും പ്രാധാന്യവും ഇതിലൂടെനാം മനസ്സിലാക്കണം.

ദ്വിമാദ്ﷺ നബിﷺയെ പറ്റി ആദ്യം കേൾക്കുന്നത് അവിടുന്ന് ഭ്രാന്തനാണ് എന്നായിരുന്നല്ലോ. (ആ സമയത്തൊന്നും അദ്ദേഹം ബഹുദൈവവിശ്വാസം വെടിഞ്ഞിരുന്നില്ല). അദ്ദേഹം അപ്പോൾ പറഞ്ഞത് അദ്ദേഹത്തെ എനിക്കൊന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എനിക്ക് ഒന്ന് ചികിത്സിക്കാമായിരുന്നു; അങ്ങനെ എന്റെ കൈകളാൽ അദ്ദേഹത്തിന് അല്ലാഹു ശമനം നൽ

> **ക്വബ്ർ സിയാറത്ത് ഇസ്‌ലാം അംഗീകരിച്ചിട്ടുള്ള ഒരു പുണ്യകർമമാണ്. നബിﷺയുടെ ക്വബ്റും നമുക്ക് സന്ദർശിക്കാം. അതിനായി മാത്രം തീർഥയാത്ര ചെയ്യുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. തീർഥയാത്ര മൂന്ന് പള്ളികളിലേക്കേ പാടുള്ളൂ. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്വ്സ്വാ എന്നിവയാണ് ഈ മൂന്ന് പള്ളികൾ. ഒരാൾ മസ്ജിദുന്നബവിയിലേക്ക് തീർഥയാത്ര ചെയ്യുന്ന സന്ദർഭത്തിൽ നബിﷺയുടെ ക്വബ്ർ സന്ദർശിക്കാം. എന്നാൽ ക്വബ്ർ സന്ദർശിക്കാനായി മാത്രം ഒരു തീർഥയാത്ര നബിﷺ നമ്മെ പഠിപ്പിച്ചിട്ടില്ല.**

കിയേക്കാം എന്നാണ്. മുശ്‌രിക്ക് ആയിരിക്കുന്ന സമയത്തും അദ്ദേഹത്തിന് അല്ലാഹുവിൽ വിശ്വാസമുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന് പുറമെ സൃഷ്ടികളോടും പ്രാർഥിക്കുന്നതിനാൽ വിശ്വാസം പിഴവിലായി. രോഗം സുഖപ്പെടുത്തുന്നവൻ അല്ലാഹുവാണ് എന്ന് അദ്ദേഹം ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പേ വിശ്വസിച്ചിരുന്നു എന്നും നമുക്ക് അദ്ദേഹത്തിന്റെ സംസാരത്തിൽനിന്ന് മനസ്സിലാക്കാം.

## ശത്രുക്കളുടെ ആരോപണങ്ങൾക്കുള്ള മറുപടി


പ്രവാചകന്മാരെല്ലാം ധാരാളം ആരോപണങ്ങൾക്ക് വിധേയരായിട്ടുണ്ട്; അവർ അതിനെല്ലാം മറുപടിയും നൽകിയിട്ടുണ്ട്. എന്നാൽ മുഹമ്മദ് നബിﷺക്കെതിരിൽ വന്ന ആരോപണങ്ങൾക്ക് മറുപടി അല്ലാഹുവാണ് ഏറ്റെടുത്തത്. അത് അല്ലാഹു അവിടുത്തേക്ക് നൽകിയ ഒരു മഹത്ത്വമായിരുന്നു. മുൻകാല പ്രവാചകന്മാരെ പറ്റി ശത്രുക്കൾ പറഞ്ഞതിനും അതിന് അവർ തന്നെ മറുപടി നൽകിയതിനും ചില ഉദാഹരണങ്ങൾ കാണുക.

"നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു. അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു" (ക്വുർആൻ 7:59-61).

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്? അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ എന്തോ മൗഢ്യത്തിൽ പെട്ടിരിക്കുകയാണെന്ന് ഞങ്ങൾ കാണുന്നു. തീർച്ചയായും നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണെന്ന് ഞങ്ങൾ വിചാരിക്കുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ യാതൊരു മൗഢ്യവുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്" (ക്വുർആൻ 7: 65-67).

നബിﷺയെ പറ്റിയുള്ള ധാരാളം ആരോപണങ്ങൾക്ക് അല്ലാഹു തന്നെ മറുപടി പറഞ്ഞത് ഇതിനകം നാം മനസ്സിലാക്കി. സൂറത്തുൽ കൗസർ ശത്രുക്കളുടെ മറ്റൊരു ആരോപണത്തിനുള്ള മറുപടിയാണ്. നബിﷺയുടെ ആൺമക്കളെല്ലാം ചെറുപ്പത്തിലേ മരണപ്പെട്ടപ്പോൾ മുഹമ്മദിന് ഭാവിയില്ലെന്ന് പറഞ്ഞ് ശത്രുക്കൾ ആക്ഷേപിച്ചിരുന്നു. സൂറത്തുൽ കൗസറിലൂടെ അല്ലാഹു അതിന് ശക്തമായ മറുപടി നൽകി.

ആൺമക്കളൊന്നും ഇല്ലാതിരുന്നിട്ടും എന്നും ലോകത്തിന്റെ നാനാഭാഗത്തുമുള്ളവർ അവിടുത്തെക്കുറിച്ച് പഠിക്കുന്നു; സവിശേഷതകളെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സ്വത്തും സന്താനങ്ങളും അധികാരവും ഉണ്ടായിരുന്ന, വലിയവന്മാരെന്ന് സ്വയം പറഞ്ഞുനടന്ന പലരെയും ലോകം ഓർക്കുന്നത് അവരുടെ നെറികെട്ട പ്രവർത്തനങ്ങളിലുള്ള വെറുപ്പോടെയാണ്.



### നബിﷺക്ക് അല്ലാഹു നൽകിയ സ്ഥാനം

മുഹമ്മദ് നബിﷺക്ക് മാത്രമായി അല്ലാഹു നൽകിയ ചില പ്രത്യേകതകളെ സംബന്ധിച്ച് നാം മനസ്സിലാക്കി. ഇതര പ്രവാചകന്മാരിൽനിന്ന് മുഹമ്മദ് നബിﷺക്ക് അല്ലാഹു പ്രത്യേക സ്ഥാനവും മഹത്ത്വവും നൽകിയിട്ടുണ്ട്. ഇതിനർഥം മറ്റു പ്രവാചകന്മാർക്ക് യാതൊരു മഹത്ത്വവും ശ്രേഷ്ഠതയും ഇല്ലെന്നല്ല. അല്ലാഹു പ്രവാചകന്മാരിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നൽകിയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ടല്ലോ. (ക്വുർആൻ 2:253). ഏതെല്ലാം പ്രവാചകന്മാർക്ക് എപ്രകാരമെല്ലാം പദവിയും മഹത്ത്വവും നൽകണമെന്ന് തീരുമാനിക്കുന്നവൻ പ്രതാപിയും യുക്തിമാനുമായ അല്ലാഹുവാണ്.

മുഹമ്മദ് നബിﷺക്ക് മുമ്പുള്ള പ്രവാചകന്മാരെ അല്ലാഹു അവരുടെ പേരെടുത്ത് പറഞ്ഞുകൊണ്ടാണ് സംബോധന നടത്തിയത് എന്ന് ക്വുർആനിൽനിന്ന് നമുക്ക് മനസ്സിലാകും. അഥവാ, ഓ ആദം, ഓ നൂഹ്, ഓ ഇബ്‌റാഹീം, ഓ മൂസാ, ഓ ഈസാ, ഓ ദാവൂദ്, ഓ യഹ്‌യാ, ഓ സകരിയ്യാ... എന്നിങ്ങനെ. എന്നാൽ മുഹമ്മദ് നബിﷺയെ 'ഓ മുഹമ്മദ്' എന്ന് പേരുവിളിച്ച് സംബോധന നടത്തിയത് നമുക്ക് കാണാൻ കഴിയില്ല. പകരം 'ഓ നബീ,' 'ഓ റസൂൽ' എന്നൊക്കെയാണ് കാണുക. അവിടുന്ന് ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയിലേക്ക് ചേർത്തുകൊണ്ട് 'ഓ പുതപ്പിട്ട് മൂടിക്കിടക്കുന്നവനേ' എന്ന രൂപത്തിലുള്ള അഭിസംബോധനയും കാണാം. ഈ സംബോധനാരീതി നബിﷺക്ക് അല്ലാഹു നൽകിയ സ്ഥാനമാണ് വ്യക്തമാക്കുന്നത്.

### നബിﷺയെ സത്യവിശ്വാസി എങ്ങനെ അഭിസംബോധന ചെയ്യണം?

ഒരു വിശ്വാസിയും നബിﷺയെ പേരു വിളിച്ച് അഭിസംബോധന ചെയ്തുകൂടാ. അത് ക്വുർആൻ തന്നെ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്.

"നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നതു പോലെ നിങ്ങൾ ആക്കിത്തീർക്കരുത്" (ക്വുർആൻ 24:63).

അനുചരന്മാർ നബിയെ ഒരിക്കൽ പോലും 'ഓ മുഹമ്മദ്' എന്ന് വിളിച്ചിട്ടില്ല. അല്ലാഹുവിന്റെ റസൂലിന്റെ അരികിൽവച്ച് ശബ്ദം ഉയർത്തി സംസാരിക്കരുതെന്നും പരസ്പരം കയർക്കരുതെന്നും എല്ലാമുള്ള മര്യാദ പഠിപ്പിക്കുന്ന വചനങ്ങൾ ഇറങ്ങിയതിന് ശേഷം അവർ നബിﷺയുടെ സന്നിധിയിൽ ശബ്ദം താഴ്ത്തി, വിനയത്തോടെയും ആദരവോടെയുമായിരുന്നു സംസാരിച്ചിരുന്നത്.

പരസ്പരം പേരുവിളിച്ചും മകനിലേക്ക് ചേർത്തുവിളിച്ചും പിതാവിലേക്ക് ചേർത്തുവിളിച്ചുമെല്ലാം അഭിസംബോധന ചെയ്യുന്ന രീതി അറബികൾക്കിടയിൽ ഉണ്ടായിരുന്നു. എന്നാൽ സ്വഹാബിമാർ ഈ രൂപത്തിലൊന്നും നബിﷺയെ വിളിച്ചിരുന്നില്ല. അബൂബക്ർ رضي الله عنه നബിﷺയുടെ ഉറ്റ തോഴനായിരുന്നു. എന്നിട്ടും കൂട്ടുകാരനല്ലേ എന്നു വിചാരിച്ച് തമാശയായോ അല്ലാതെയോ 'മുഹമ്മദേ' എന്ന് ഒരിക്കൽ പോലും വിളിച്ചിട്ടില്ലെന്നത് നമ്മെ ഏറെ ചിന്തിപ്പിക്കേണ്ടതാണ്. 'അല്ലാഹുവിന്റെ ദൂതരേ,' 'അല്ലാഹുവിന്റെ നബിയേ' എന്നിങ്ങനെയാണ് അവർ വിളിച്ചിരുന്നത്.

> ലോകത്തിന് കാരുണ്യമായി അയക്കപ്പെട്ട മുഹമ്മദ് നബിﷺ കാരുണ്യത്തിന്റെയും സഹനത്തിന്റെയും വിട്ടുവീഴ്ചയുടെയും മകുടോദാഹരണമായിരുന്നു. അധികാരം ലഭിച്ചപ്പോൾ പോലും തന്നെയും അനുയായികളെയും കഠിനമായി ദ്രോഹിച്ച ശത്രുക്കൾക്ക് അദ്ദേഹം മാപ്പുനൽകി. എല്ലാവരോടും സൗമ്യമായി പെരുമാറി. പാവങ്ങളെ അളവറ്റു സഹായിച്ചു. നബിﷺ പരുക്കൻ സ്വഭാവക്കാരനായിരുന്നെങ്കിൽ ആളുകൾ അദ്ദേഹത്തിൽനിന്ന് അകലുമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ കാരുണ്യത്താൽ അദ്ദേഹം വളർന്നതുതന്നെ സൽസ്വഭാവിയായിട്ടായിരുന്നു. സൗമ്യമായിട്ടേ ആരോടും പെരുമാറിയിട്ടുള്ളൂ. അത് അനുഭവിച്ചറിഞ്ഞവർ ആ പ്രവാചകനെ അംഗീകരിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു.

നബിﷺയോടുള്ള പെരുമാറ്റവും മര്യാദയുമാണ് ഈ സൂക്തത്തിൽ അല്ലാഹു പ്രതിപാദിച്ചിട്ടുള്ളത് എങ്കിലും മഹാന്മാരായ ആളുകളോടുള്ള നോക്കിലും സംസാരത്തിലും പെരുമാറ്റത്തിലും സംബോധനയിലുമെല്ലാം ചില മര്യാദകൾ പാലിക്കേണ്ടതുണ്ടെന്ന വസ്തുതയും ഈ വചനത്തിന്റെ വെളിച്ചത്തിൽ നമുക്ക് ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

നബിﷺയുടെ മുമ്പിൽ സ്വഹാബിമാർ ഇരിക്കുന്ന വേളയിൽ അങ്ങേയറ്റ


ത്തെ വിനയത്തോടെയും ആദരവോടെയും ബഹുമാനത്തോടെയും തലതാഴ്ത്തിയായിരുന്നു ഇരുന്നിരുന്നത്. അവർ അവിടുന്ന് പറയുന്ന കാര്യങ്ങൾ സൂക്ഷ്മതയോടെ കേൾക്കും.

നബിﷺയുടെ ജീവിതകാലത്ത് 'മുഹമ്മദേ' എന്ന് വിളിച്ചുകൂടെന്ന് നാം മനസ്സിലാക്കി. എന്നാൽ അവിടുത്തെ മരണത്തിനു ശേഷം 'യാ മുഹമ്മദ്' എന്ന് വിളിക്കാം എന്ന് ചില നവീനാശയക്കാർ വാദിക്കുന്നത് കാണാം! ജീവിതത്തിൽ വിഷമങ്ങളും പ്രയാസങ്ങളും നേരുടുമ്പോൾ 'യാ മുഹമ്മദ്' എന്ന് വിളിച്ച് സഹായം തേടാനാണ് ഈ വിഭാഗം ജനങ്ങളോട് ആഹ്വാനം നടത്തുന്നത്. അവർ മുഹമ്മദ് നബിﷺയെ ആദരിക്കുന്നവരാണോ അപമാനിക്കുന്നവരാണോ?

ക്വബ്ർ സിയാറത്ത് ഇസ്‌ലാം അംഗീകരിച്ചിട്ടുള്ള ഒരു പുണ്യകർമമാണ്. നബിﷺയുടെ ക്വബ്റും നമുക്ക് സന്ദർശിക്കാം. അതിനായി മാത്രം തീർഥയാത്ര ചെയ്യുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. തീർഥയാത്ര മൂന്ന് പള്ളികളിലേക്കേ പാടുള്ളൂ. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്വ്സ്വാ എന്നിവയാണ് ഈ മൂന്ന് പള്ളികൾ. ഒരാൾ മസ്ജിദുന്നബവിയിലേക്ക് തീർഥയാത്ര ചെയ്യുന്ന സന്ദർഭത്തിൽ നബിﷺയുടെ ക്വബ്ർ സന്ദർശിക്കാം. എന്നാൽ ക്വബ്ർ സന്ദർശിക്കാനായി മാത്രം ഒരു തീർഥയാത്ര നബിﷺ നമ്മെ പഠിപ്പിച്ചിട്ടില്ല.

നബിﷺയുടെ ക്വബ്ർ സന്ദർശിക്കുന്ന വേളയിൽ പാലിക്കേണ്ടതായ പല നിയമങ്ങളും ചിലർ ഉണ്ടാക്കിയിട്ടുണ്ട്. ആ നിയമങ്ങളും ഇസ്‌ലാമും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നതും നാം മനസ്സിലാക്കുക. അവർ പഠിപ്പിക്കുന്ന നിയമം ഇപ്രകാരമാണ്: 'ആരെങ്കിലും നബിﷺയുടെ ക്വബ്റിന്റെ അടുക്കൽ നിൽക്കുകയും എഴുപത് തവണ യാ മുഹമ്മദ് എന്ന് വിളിക്കുകയും ചെയ്താൽ ഒരു മലക്ക് അവനോട് വിളിച്ചു പറയും: ഓ ഇന്നാലിന്നവനേ, താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ.'

ചില അറബി കിതാബുകളിൽ കാണാൻ പറ്റുന്നതാണിത്. തെളിവിന്റെ പിൻബലമില്ലാത്തത് സ്വീകരിക്കാൻ



നാം കൽപിക്കപ്പെട്ടിട്ടില്ല. അല്ലാഹുവിന്റെ കിതാബും നബിﷺയുടെ സുന്നത്തുമാണ് വിശ്വാസിയുടെ പ്രമാണം. ക്വുർആനിൽ നാം പരസ്പരം പേര് വിളിക്കുന്നത് പോലെ നബിﷺയെ വിളിക്കരുത് എന്ന് അല്ലാഹു നമ്മോട് കൽപിച്ചിട്ടുണ്ട്. അതിന് നേർവിപരീതമായ ഈ നിയമം വിശ്വാസികൾക്ക് സ്വീകരിക്കാൻ യാതൊരു ന്യായവുമില്ല.

'നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നതുപോലെ നിങ്ങൾ ആക്കിത്തീർക്കരുത് എന്ന സൂക്തത്തിന് മറ്റൊരു വ്യാഖ്യാനം കൂടി നമുക്ക് കാണാവുന്നതാണ്. ഈ വ്യാഖ്യാനവും ശരിയാണ്. റസൂലിന്റെ പ്രാർഥനയെ നിങ്ങൾ പരസ്പരം (ഗുണത്തിനായി) പ്രാർഥിക്കുന്നത് പോലെ കണക്കാക്കരുത് എന്നാണ് ആ വ്യാഖ്യാനം. നബിﷺ അല്ലാത്ത ഒരാൾ അല്ലാഹുവിനോട് വേറൊരാളുടെ ഗുണത്തിനോ ദോഷത്തിനോ പ്രാർഥിക്കുന്നത് പോലെയല്ല നബിﷺ മറ്റുള്ളവരുടെ ഗുണത്തിനും ദോഷത്തിനുമായി പ്രാർഥിക്കുന്നത്. നബിﷺ ആരുടെയെങ്കിലും നന്മക്ക് വേണ്ടി തേടിയാൽ അത് അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്യും. അതുപോലെ തന്നെ ആർക്കെതിരിലായി അവിടുന്ന് തേടിയോ അതും അല്ലാഹു സ്വീകരിക്കുന്നതാണ്. അതായത്, നബിﷺയുടെ പ്രാർഥന അല്ലാഹുവിങ്കൽ പ്രത്യേകം സ്വീകാര്യമായിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ, ഗുണത്തിനായുള്ള പ്രാർഥനക്ക് സാഹചര്യം സൃഷ്ടിക്കുകയും ഗുണത്തിലല്ലാതെ കലാശിക്കാൻ ഇടയുള്ള പ്രാർഥന അവിടുന്ന് ചെയ്യാതിരിക്കുകയുമാണ് വേണ്ടത്. ഈ കാര്യങ്ങളെല്ലാം തിരുനബിയുടെ കൂടെ ജീവിക്കാൻ ഭാഗ്യം ലഭിച്ച സ്വഹാബിമാർ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളാണ് എന്ന് ആയത്തിന്റെ ബാഹ്യാർഥം തന്നെ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. **(തുടരും)**

മുഹമ്മദ് സ്വാദിഖ് മദീനി
sadikhtp@gmail.com

ലേഖനം



# മർദിതന്റെ പ്രാർഥനയെ ഭയപ്പെടുക

ദൈവനിഷേധികളെയും ദൈവേതരരെ ആരാധിക്കുന്നവരെയും ഉടൻ ശിക്ഷനൽകാതെ അവർക്ക് ഭൂമിയിൽ ജീവിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത് പ്രപഞ്ച സ്രഷ്ടാവിന്റെ കാരുണ്യത്തിന്റെ ഭാഗമാണ്. അവൻ ആരോടും അനീതിയോ അക്രമമോ കാണിക്കുന്നില്ല. തന്റെ അടിയാറുകൾ പരസ്പരം ആക്രമിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നുമില്ല. അല്ലാഹു പറഞ്ഞതായി നബിﷺ പറഞ്ഞു:

"എന്റെ അടിമകളേ, അക്രമം ഞാൻ എനിക്കുതന്നെയും നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിൽ അത് ഹറാമുമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ പരസ്പരം ആക്രമിക്കരുത്."

അല്ലാഹു അവനെ സംബന്ധിച്ച് വിശുദ്ധ ക്വുർആനിൽ പറയുന്നു: "ഞാൻ എന്റെ അടിമകളോട് അക്രമം കാണിക്കുന്നവനല്ല" (ക്വുർആൻ 50:29).

മനുഷ്യരുടെ അക്രമങ്ങൾ വർധിക്കുമ്പോൾ അവർക്കുള്ള ശിക്ഷയും മറ്റുള്ളവർക്ക് ഗുണപാഠവും എന്ന രൂപത്തിൽ അവരെ പിടികൂടുന്നത് അല്ലാഹുവിന്റെ നീതിയുടെ ഭാഗമാണ്. ഒരുപക്ഷേ, അത്തരം ആളുകൾക്ക് ഇവിടെവച്ചുതന്നെ അവൻ ശിക്ഷ നൽകിയേക്കാം. തകർന്നടിഞ്ഞ പല സംസ്കാരങ്ങളുടെയും പതനത്തിന്റെ കാരണം അവരുടെ അതിരുവിട്ട അക്രമവാസനയായിരുന്നു എന്നത് യാഥാർഥ്യമാണ്.

ലോകർക്ക് മാർഗദർശകരായി വന്ന പ്രവാചകന്മാരെ അവഹേളിക്കുകയും അവരെ എതിർക്കുകയും ചെയ്ത സമൂഹങ്ങൾ പലതും അല്ലാഹുവിന്റെ ശിക്ഷകൾക്ക് വിധേയമായിട്ടുണ്ട്.

അല്ലാഹു പറയുന്നു: ''അക്രമത്തിൽ ഏർപെട്ടിരുന്ന എത്ര നാടുകളെ നാം നിശ്ശേഷം തകർത്തുകളയുകയും അതിനുശേഷം നാം മറ്റൊരു ജനവിഭാഗത്തെ വളർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്'' (ക്വുർആൻ 21:11).

മനുഷ്യന്റെ അക്രമവാസന വർധിക്കുകയാണ് ചെയ്യുന്നത് എന്നത് വർത്തമാനകാല യാഥാർഥ്യമാണ്. മാതാപിതാക്കളെ ദ്രോഹിക്കുന്ന മക്കൾ, അയൽവാസികളുടെ സ്വസ്ഥതകെടുത്തുന്നവർ, കീഴിലുള്ളവരെ മാനസിക പീഡനങ്ങൾക്ക് വിധേയരാക്കുന്ന മേലുദ്യോഗസ്ഥർ, അധികാരത്തിന്റെ മറവിൽ ജനങ്ങളെ ദ്രോഹിക്കുന്നവർ, പണിയെടുപ്പിച്ച ശേഷം തൊഴിലാളികൾക്ക് കൂലി നൽകാത്തവർ, സ്ത്രീധനത്തിന്റെയും മറ്റും പേരിൽ പീഡനങ്ങൾക്കിരയാകുന്ന സ്ത്രീകൾ... ഇങ്ങനെ ആക്രമിക്കപ്പെടുന്ന അനേകം വിഭാഗങ്ങളുണ്ട്.

നിരപരാധിത്വം തെളിയിക്കാൻ കഴിയാതെ ശിക്ഷിക്കപ്പെടുന്ന, അന്യായമായി ദ്രോഹിക്കപ്പെടുന്ന നിരാലംബരായ സാധുക്കളുടെ മനസ്സിൽ തട്ടിയുള്ള പ്രാർഥനകൾ കേൾക്കുന്ന ഏകനായ സ്രഷ്ടാവിലുള്ള വിശ്വാസം അവർക്ക് ആശ്വാസമാണ്. തീർച്ചയായും അവൻ അക്രമിക്കപ്പെടുന്നവരുടെ പ്രാർഥനക്ക് ഉത്തരം നൽകും. അക്രമിയെയും അക്രമത്തെയും ആവശ്യാനുസരണം പരസ്യമാക്കുന്നതും അവർക്കെതിരെ അല്ലാഹുവിനോട് പ്രാർഥിക്കുന്നതും അനുവദിക്കപ്പെട്ട കാര്യമാണ്.

അല്ലാഹു പറയുന്നു: "ചീത്തവാക്ക് പരസ്യമാക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുകയില്ല; ദ്രോഹിക്കപ്പെട്ടവന്ന് ഒഴികെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 4:148).

ഈ വചനത്തെ വിശദീകരിച്ച് ഇബ്നുഅബ്ബാസ്ﷺ പറഞ്ഞു: "ഒരാൾക്ക് എതിരായി മറ്റൊരാൾ പ്രാർഥിക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല; അക്രമിക്കപ്പെട്ടവനൊഴിച്ച്. തന്നെ അക്രമിച്ചവനെതിരിൽ പ്രാർഥിക്കുവാൻ അവന് അനുവാദം നൽകപ്പെട്ടിരിക്കുന്നു. അവർക്കെതിരെ പ്രാർഥിക്കാമെങ്കിലും അത്തരം ആളുകൾക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കലാണ് അഭികാമ്യം.



അക്രമികൾ സമൂഹത്തിലൂടെ മാന്യന്മാരായി വിലസുമ്പോൾ നീതിനിഷേധിക്കപ്പെടുന്ന സാധുക്കളുടെ നെഞ്ചകം പൊട്ടിപ്പോകും. അവർ അല്ലാഹുവിലേക്ക് ഉയർത്തിയ കരങ്ങൾ ശൂന്യമായി മടക്കപ്പെടുകയില്ല എന്നത് അൽപം ഭയത്തോടുകൂടിത്തന്നെ നാം മനസ്സിലാക്കണം. മനുഷ്യർക്ക് മാർഗദർശികളായിരുന്ന പ്രവാചകന്മാരെ സമൂഹം പരിഹസിക്കുകയും പല തരത്തിലുളള അക്രമത്തിലൂടെ നേരിടുകയും ചെയ്ത വേളയിൽ, മറ്റു രക്ഷാമാർഗങ്ങൾ ഒന്നുമില്ലാത്ത സന്ദർഭത്തിൽ അവർ അല്ലാഹുവിനോട് പ്രാർഥിച്ചതായി വിശുദ്ധ ക്വുർആൻ അറിയിച്ച് തരുന്നുണ്ട്.

ബനൂഇസ്റാഈല്യരിലെ ആൺകുട്ടികളെ ക്രൂരമായി കൊന്നൊടുക്കിയ അഹങ്കാരിയായ ഫിർഔനും അവന്റെ ആളുകളും മൂസാനബിﷺയെ പരിഹസിക്കുകയും അദ്ദേഹത്തിൽ വിശ്വസിച്ചവരെ കൂട്ടക്കുരുതിക്ക് വിധേയമാക്കുവാൻ തീരുമാനിക്കുകയും ചെയ്ത വേളയിൽ മൂസാനബിﷺ പ്രാർഥിക്കുകയും തൽഫലമായി അവർ നാമാവശേഷമാവുകയും ചെയ്തു.

അല്ലാഹു പറയുന്നു: ''അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അന്യായമായി അഹങ്കരിക്കുക

യും നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയി ല്ലെന്ന് അവർ വിചാരിക്കുകയും ചെയ്തു. അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടി കൂടി കടലിൽ എറിഞ്ഞുകളഞ്ഞു. അപ്പോൾ ആ അ ക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എ ന്ന്നോക്കൂ"(ക്വുർആൻ 28: 39,40).

മൂസാനബി ﷺ യുടെ പ്രാർഥനയായി ക്വുർആൻ പറയുന്നു: "...ഞങ്ങളുടെ രക്ഷിതാവേ, ഫിർഔനി നും അവന്റെ പ്രമാണിമാർക്കും നീ ഐഹികജീവി തത്തിൽ അലങ്കാരവും സമ്പത്തുക്കളും നൽകിയി രിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മാർഗ ത്തിൽനിന്ന് ആളുകളെ തെറ്റിക്കുവാൻ വേണ്ടിയാ ണ് (അവരത് ഉപയോഗിക്കുന്നത്). ഞങ്ങളുടെ രക്ഷി താവേ, നീ അവരുടെ സ്വത്തുക്കൾ തുടച്ചുനീക്കേ ണമേ. വേദനയേറിയ ശിക്ഷ കാണുന്നതുവരെയും അവർ വിശ്വസിക്കാതിരിക്കത്തക്കവണ്ണം അവരുടെ ഹൃദയങ്ങൾക്ക് നീ കാഠിന്യം നൽകുകയും ചെയ്യേ ണമേ. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങളുടെ ഇ രുവരുടെയും പ്രാർഥന ഇതാ സ്വീകരിക്കപ്പെട്ടിരിക്കു ന്നു" (ക്വുർആൻ 10:88,89).

തൊള്ളായിരിത്തി അമ്പത് വർഷം രാപ്പകൽ വ്യ ത്യാസമില്ലാതെ ജനങ്ങളെ ഉപദേശിച്ച നൂഹ് ന ബി ﷺ യെ അവർ ഭ്രാന്തനായി ചിത്രീകരിക്കുകയും പരിഹസിക്കുകയും വിശ്വസിച്ചവരെ വഴിപിഴപ്പിക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അക്രമികൾക്കെതിരെ അദ്ദേഹം കൈകളുയർത്തി. അല്ലാഹു പറയുന്നു:

"നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവേ, ഭൂമുഖത്ത് സത്യനിഷേധികളിൽ പെട്ട ഒരു പൗരനെയും നീ വി ട്ടേക്കരുതേ. തീർച്ചയായും നീ അവരെ വിട്ടേക്കുക യാണെങ്കിൽ നിന്റെ ദാസൻമാരെ അവർ പിഴപ്പിച്ചു കളയും. ദുർവൃത്തന്നും സത്യനിഷേധിക്കുമല്ലാതെ അവർ ജന്മം നൽകുകയുമില്ല" (ക്വുർആൻ 71: 26,27).

അല്ലാഹു ആ പ്രാർഥനക്ക് ഉടൻ മറുപടി നൽകി. ക്വുർആൻ പറയുന്നു: "അവർക്ക് മുമ്പ് നൂഹിന്റെ ജ നതയും നിഷേധിച്ചുകളഞ്ഞിട്ടുണ്ട്. അങ്ങനെ നമ്മു ടെ ദാസനെ അവർ നിഷേധിച്ച് തള്ളുകയും ഭ്രാന്തൻ എന്നു പറയുകയും ചെയ്തു. അദ്ദേഹം വിരട്ടി ഓടി ക്കപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ചു: ഞാൻ പരാജി തനാകുന്നു. അതിനാൽ (എന്റെ) രക്ഷയ്ക്കായി നീ നടപടി സ്വീകരിക്കണമേ. അപ്പോൾ കുത്തിച്ചൊരി യുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാട ങ്ങൾ നാം തുറന്നു. ഭൂമിയിൽ നാം ഉറവുകൾ പൊ ട്ടിക്കുകയും ചെയ്തു. അങ്ങനെ നിർണയിക്കപ്പെട്ടു കഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളം സന്ധിച്ചു. പലകകളും ആണികളുമുള്ള ഒരു കപ്പലിൽ അദ്ദേ ഹത്തെ നാം വഹിക്കുകയും ചെയ്തു. നമ്മുടെ മേൽ നോട്ടത്തിൽ അത് സഞ്ചരിക്കുന്നു. നിഷേധിച്ചുതള്ള പ്പെട്ടിരുന്നവന്നുള്ള (ദൈവദൂതന്ന്) പ്രതിഫലമത്രെ അത്. തീർച്ചയായും അതിനെ (പ്രളയ ത്തെ) നാം ഒരു ദൃഷ്ടാന്തമായി അവ ശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ആ ലോചിച്ച് മനസ്സിലാക്കുന്നവരായി ആ രെങ്കിലുമുണ്ടോ? അപ്പോൾ എന്റെ ശി ക്ഷയും താക്കീതുകളും എങ്ങനെയാ യിരുന്നു (എന്നു നോക്കുക)" (ക്വുർ ആൻ 54:9,16).

യമനിലേക്ക് പ്രബോധകനായി ന ബി ﷺ മുആദി ؓ നെ പറഞ്ഞയച്ചപ്പോൾ അദ്ദേഹത്തിനു നൽകിയ ഉപദേശങ്ങളിൽ ഇപ്രകാരം കാണാം: "അക്രമിക്കപ്പെട്ട വന്റെ പ്രാർഥന താങ്കൾ സൂക്ഷിക്കുക. കാരണം അവന്റെയും അല്ലാഹുവിന്റെ യും ഇടയിൽ യാതൊരു മറയും ഇല്ല."

അക്രമിക്കപ്പെട്ടവൻ ആരായിരുന്നാ ലും ശരി അവന് അല്ലാഹുവിന്റെ സഹാ യ ഉണ്ടായിരിക്കുന്നതാണ്. നബി ﷺ പ റഞ്ഞു: "മൂന്ന് പ്രാർഥനകൾ തിരസ്ക രിക്കപ്പെടുകയില്ല; നോമ്പുകാരന്റെയും നീതിമാനായ ഭരണാധികാരിയുടെയും ആക്രമിക്കപ്പെട്ടവന്റെയും പ്രാർഥന" (തിർമിദി).

ഉമർ ؓ ഹുനയ്യ ؓ യെ ഒരു പ്രവി ശ്യയുടെ ഭരണച്ചുമതല ഏൽപിച്ചവേ ളയിൽ അദ്ദേഹത്തെ ഉപദേശിച്ചത് ഇ പ്രകാരമായിരുന്നു: "അക്രമിക്കപ്പെട്ടവന്റെ പ്രാർഥന താങ്കൾ സൂക്ഷിക്കുക. കാ രണം അവന്റെ പ്രാർഥനക്ക് ഉത്തരം നൽകപ്പെടും.'

അക്രമിക്കപ്പെട്ടവൻ സത്യനിഷേധി യോ തെമ്മാടിയോ ആയിരുന്നാലും അ വന്റെ പ്രാർഥനയെ ഭയപ്പെടണം. ന ബി ﷺ പറഞ്ഞു: "ആക്രമിക്കപ്പെട്ടവന്റെ പ്രാർഥന നീ സൂക്ഷിക്കുക; അവൻ സ ത്യനിഷേധി ആയിരുന്നാലും ശരി. കാ രണം അവന്റെ പ്രാർഥനക്കിടയിൽ മറ യൊന്നുമില്ല.' മറ്റൊരു റിപ്പോർട്ടിൽ 'അ വൻ തെമ്മാടി ആയിരുന്നാലും ശരി' എന്നാണുള്ളത്.

പ്രവാചകൻ ﷺ യാത്രക്കാരനായിരി ക്കെ പല പ്രാർഥനകളും ചൊല്ലുന്നകൂട്ട ത്തിൽ അക്രമിക്കപ്പെട്ടവന്റെ പ്രാർഥന യിൽനിന്നും അല്ലാഹുവിനോട് രക്ഷ ചോദിച്ചിരുന്നത് കാണുവാൻ സാധിക്കും.

സത്യവിശ്വാസികൾ എന്ന നിലയിൽ നമ്മുടെ കൈകൊണ്ടോ വാക്കുകൊ ണ്ടോ മറ്റൊരാളും ആക്രമിക്കപ്പെടാതിരി ക്കാൻ നാം ജാഗ്രത പാലിക്കണം.

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 23

# ഇസ്‌ലാം ക്ഷണിക്കുന്നത് ജാറങ്ങളിലേക്കല്ല

മതാധ്യാപനങ്ങളെ ജീവിതത്തിൽ അടയാളപ്പെടുത്തി, മൂല്യങ്ങളെ കാത്തുസൂക്ഷിക്കുക എന്നത് വിശ്വാസികളുടെ ബാധ്യതയാണ്. എന്നാൽ പ്രമാണങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങളെ മാറ്റിവച്ച് നിർമിത ആശയങ്ങളെ വലുതാക്കി കാണിക്കുക എന്നത് സമസ്തയുടെ പണ്ഡിതന്മാർ സ്വീകരിച്ചുവരുന്ന നയമാണ്.

2021 ഫെബ്രുവരി ആദ്യലക്കം സുന്നിവോയ്സിൽ 'മഖ്ബറകൾ വഴിവിളക്കുകൾ' എന്ന പേരിൽ വന്ന ലേഖനം വിശ്വാസികളെ അല്ലാഹുവിൽനിന്ന് അകറ്റിക്കളയുന്ന വിധത്തിൽ ആദർശവിരുദ്ധത നിറഞ്ഞതാണ്. വേദക്കാരുടെ തെറ്റായ വിശ്വാസങ്ങളെ ചാണിനുചാണായി പിൻപറ്റുവാൻ ഇക്കൂട്ടർ മത്സരിക്കുകയാണോ എന്ന് തോന്നിപ്പോകും.

നബിﷺക്ക് ഖുർആൻ നൽകിയ താക്കീത് കാണുക: "യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നതുവരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നുകിട്ടിയതിനുശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽ നിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല" (ക്വുർആൻ 2:120).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ (റഹി) പറഞ്ഞു:

'ക്വുർആനിൽനിന്നും നബിചര്യയിൽനിന്നും ജൂത-ക്രൈസ്തവരെ സംബന്ധിച്ച് അറിഞ്ഞതിനുശേഷം അവരുടെ വഴികളെ പിൻപറ്റുന്നതിനെ തൊട്ട് ശക്തമായ ശാസന ഇതിലുണ്ട്. അല്ലാഹുവിൽ കാവൽ തേടുക. നബിﷺയോടുള്ള ഈ സംസാരം അദ്ദേഹത്തിന്റെ സമൂഹത്തോടുള്ള കൽപനയാണ്' (ഇബ്നു കഥീർ/പേജ് 225/വാള്യം 1).

ലേഖകൻ എഴുതുന്നു: "കേരളത്തിൽ നൂറിൽപരം മഖ്ബറകളുണ്ട്. അവയിൽ അന്തിയുറങ്ങുന്ന പുണ്യാത്മാക്കളെ കേന്ദ്രീകരിച്ചാണ് കേരളത്തിൽ ഇസ്‌ലാമിക സംസ്‌കാരം വളർന്നത്. അവരുടെ ലളിതമായ ജീവിതരീതിയിലും നിസ്വാർഥ സമീപനത്തിലും ജ്ഞാനവൈപുല്യത്തിലും ആകൃഷ്ടരായാണ് കേരളീയർ ഇസ്‌ലാമിലേക്ക് കടന്നുവന്നത്. ജീവിതകാലത്ത് വഴിവിളക്കുകളായി ജ്വലിച്ചുനിന്ന അവർ മരണാനന്തരവും കെടാജ്യോതിസ്സുകളായി പരിലസിക്കുന്നു" (സുന്നിവോയ്സ്, 2020 ഫെബ്രുവരി 1-15, പേജ് 33).

പ്രമാണങ്ങളുടെ വെളിച്ചത്തിൽ നബിﷺ പഠിപ്പിച്ചതാണ് മതസംസ്‌കാരമെന്ന സാമാന്യ വിവരംപോലും ഇവർക്കില്ലാതെ പോയല്ലോ! മക്ബറകൾ കണ്ടിട്ടാണോ കേരളത്തിൽ ഇസ്‌ലാമിലേക്ക് ആളുകൾ വന്നത്? മക്ബറകളെ കേന്ദ്രീകരിച്ചുള്ള സംസ്‌കരണ പ്രവർത്തനമാണോ നബിﷺ നടത്തിയിട്ടുള്ളത്?

അല്ലാഹു പറയുന്നു: "അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്‌കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (ക്വുർആൻ 62:2)

വഴിവിട്ട ജീവിതം നയിച്ചിരുന്ന അറബികളിൽ വിപ്ലവകരമായ മാറ്റമുണ്ടായത് നബിﷺ അന്ധവിശ്വാസങ്ങൾക്ക് കാവലിരുന്നത് മൂലമല്ല. നമ്മുടെ നാട്ടിലെ കെട്ടിയുണ്ടാക്കപ്പെട്ട ജാറങ്ങളുടെ എണ്ണം പറഞ്ഞ് അവയെ പരിശുദ്ധമാക്കാൻ ശ്രമിച്ചതുകൊണ്ടൊന്നും അത് ഇസ്‌ലാമിന്റെ പരിധിയിൽ വരികയുമില്ല.

അഹ്‌ലുസ്സുന്നയുടെ പണ്ഡിതരിൽ ആരുടെ ക്വബ്‌റും ജാറമാക്കി ആരാധിക്കപ്പെടുന്ന അവസ്ഥ കേരളത്തിലെന്നല്ല മറ്റെവിടെയുമില്ല. 'മനുഷ്യസൗഹാർദം' ഊട്ടിയുറപ്പിക്കേണ്ടതിനുപകരം 'മതസൗഹാർദ'ത്തിനുവേണ്ടി പണിയെടുത്ത് ആദർശത്തിൽ വെള്ളം ചേർക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

ലേഖകൻ തുടരുന്നു: "വിശ്വാസികൾക്ക് ആത്മീയപ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന വഴിവിളക്കുകളാണ് മഖ്ബറകൾ. ഇസ്‌ലാമിന്റെ വളർച്ചയുടെ നാൾവഴികൾ ഓർമപ്പെടുത്തുന്ന ചരിത്ര മുദ്രകൾ കൂടിയാണ് അവ. മുസ്‌ലിംകളുടെ സംസ്‌കാരം രൂപപ്പെടുത്തുന്നതിലും സമുദായത്തിന് ദിശാബോധം നൽകുന്നതിലും നിർണായക പങ്കുവഹിച്ച നവോത്ഥാന നായകൻമാരുടെ ത്യാഗോജ്ജ്വലമായ ഇന്നലെകളിലേക്ക് ഓരോ മഖ്ബറയും വെളിച്ചം പകരുന്നു" (സുന്നിവോയ്സ്, 2020 ഫെബ്രുവരി 1-15, പേജ് 34).

മതത്തെ കളങ്കപ്പെടുത്താൻ കച്ചകെട്ടിയിറങ്ങിയ മക്ബറ വ്യവസായത്തിന്റെ ഉദ്ഘാടകരായ ശിയാക്കളുടെ പിൻപറ്റുന്നതുകൊണ്ടാകാം ഇതിനെ 'ചരിത്രമുദ്രകളായി' മുസ്‌ലിയാർ പരിചയപ്പെടുത്തിയത്. ഇസ്‌ലാമിക ചരിത്ര

> **വലിയ്യുകളെ സംബന്ധിച്ചുള്ള ഒരു ശരാശരി സമസ്തക്കാരന്റെ അറിവാണിത്. വലിയ്യുകൾക്ക് ഇങ്ങനെയൊരു നിർവചനം ആരാണു നൽകിയത്? ഇതെല്ലാം സ്വൂഫീ, ബറേൽവി സങ്കൽപത്തിലുള്ള ഔലിയാ വിശ്വാസമായതിനാൽ ഇതിനൊന്നും പ്രമാണങ്ങളുടെ പിൻബലമില്ല. ഔലിയാക്കളെ കുറിച്ചുള്ള ഇസ്‌ലാമിക നിലപാട് സമൂഹം അറിഞ്ഞാൽ തങ്ങളുടെ 'ഔലിയാ കച്ചവടം' വഴിമുട്ടിപ്പോകോമോ എന്ന ഉൾഭയം പുരോഹിതന്മാരെ നിരന്തരം വേട്ടയാടുന്നുണ്ടാകും. അല്ലാഹുവിൽ ഭരമേൽപിച്ച് സൂക്ഷ്മത കൈവിടാതെ ജീവിക്കുന്നവരാണ് യഥാർഥ വലിയ്യുകൾ.**

ത്തിൽ ഇത്തരമൊരു ഏർപ്പാട് ഇല്ലെന്നതിന് പ്രധാന തെളിവാണ് നബിﷺയുടെ ക്വബ്ർ.

ജാബിറി‌ൽനിന്ന് നിവേദനം: "നബിﷺയുടെ ക്വബ്ർ ഏകദേശം ഒരു ചാൺ ഉയർത്തപ്പെട്ടതായി ഞാൻ കണ്ടു"(ഇമാം ബൈഹക്വി).

നാല് ഖലീഫമാരുടെ ക്വബ്റുകളെ സ്വഹാബികളിൽ ആരെങ്കിലും ജാറമാക്കിയോ? അഹ്‌ലുസ്സുന്നയുടെ ഇമാമുകളിൽ ആരെങ്കിലും 'ജാറനിർമാണ സമ്പ്രദായ'ത്തെ അനുകൂലിച്ചിട്ടുണ്ടോ?

ജാറസ്നേഹികളുടെ ദുർവാദങ്ങളെ വേരോടെ പിഴുതെറിയാൻ മാത്രം ഹദീഥുകൾ ഈ വിഷയത്തിലുണ്ട്.

ജാബിറി‌ൽനിന്ന് നിവേദനം; നബിﷺപറഞ്ഞു: "ക്വബ്റുകൾ കുമ്മായമടിക്കുക, അതിന്മേൽ ഇരിക്കുക, അതിന്മേൽ എടുപ്പുണ്ടാക്കുക എന്നിവ നബിﷺ വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

അബുൽ ഹയ്യാജ് അൽഅസദി‌ൽ നിന്ന്; അലി‌ എന്നോട് പറഞ്ഞു: "നബിﷺ എന്നെ നിയോഗിച്ച അതേ കാര്യങ്ങൾക്കുവേണ്ടി നിന്നെ ഞാൻ നിയോഗിക്കുന്നു. ഒരു സ്തൂപവും നീ നശിപ്പിക്കാതെ ഒഴിവാക്കരുത്. കെട്ടി ഉയർത്തപ്പെട്ട ഒരു ക്വബ്റും നശിപ്പിക്കാതെ വിടരുത്."

ആഇശ‌യിൽനിന്ന് നിവേദനം; നബിﷺപറഞ്ഞു: 'ജൂത-ക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു. അവരുടെ പ്രവാചകന്മാരുടെ ക്വബ്റുകളെ സുജൂദ് ചെയ്യാനുള്ള സ്ഥലമായി അവർ സ്വീകരിച്ചു" (ബുഖാരി).

ശാഫിഈ മദ്ഹബിന്റെ പേരിൽ അന്ധമായ അനുകരണം കൊണ്ടുനടക്കുന്ന ഇവർ പണ്ഡിത നിലപാടുകളെ പൂഴ്ത്തിവച്ചും അവരുടെ വാക്കുകളെ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തുമൊക്കെയാണ് ഈ തെറ്റിന് തെളിവുണ്ടാക്കുന്നത്

എന്നാൽ ഇമാം ശാഫിഈ(റഹി) അടക്കമുള്ളവരുടെ വിശ്വാസമെന്താണ്? അദ്ദേഹം പറഞ്ഞു: "മക്കയിലെ ഭരണാധികാരികൾ അവിടുത്തെ ക്വബ്റുകളിന്മേൽ നിർമിച്ചവ മുഴുവൻ പൊളിച്ചുകളയുന്നത് ഞാൻ കണ്ടിട്ടുണ്ട്. മക്കയിലെ ഒരു പണ്ഡിതനും അതിനെ ആക്ഷേപിക്കുന്നതായി ഞാൻ കണ്ടിട്ടില്ല" (അൽഉമ്മ്/പേജ് 463,464).

ഇബ്നു ഹജറുൽ ഹൈതമി(റഹി) പറയുന്നു: "കെട്ടിപ്പൊക്കിയ ക്വബ്റുകളും അതിന്മേലുള്ള ഖുബ്ബകളും പൊളിച്ചുനീക്കൽ നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ അത് മസ്ജിദുള്ളിറാറിനെക്കാൾ (കപട വിശ്വാസികളുടെ പള്ളി) അപകടം പിടിച്ചതാണ്. ഇത് നിർമിക്കപ്പെട്ടത് നബിﷺയുടെ കൽപന ധിക്കരിച്ചു കൊണ്ടാണ്. നിശ്ചയം നബിﷺ അതിനെ വിലക്കുകയും ഉയർന്നുനിൽക്കുന്ന ക്വബ്റുകളെ തട്ടിനിരപ്പാക്കാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്" (അസ്സവാജിർ/വാള്യം1/പേജ് 148,149).

ഇത്രത്തോളം വിലക്കപ്പെട്ട, ഇരുൾപടർത്തുന്ന ഒരു കാര്യം സമൂഹത്തിന് വെളിച്ചം പകരുന്നതെങ്ങനെയാണ്? ഇതിനെ പുണ്യകർമമായി അവതരിപ്പിക്കുന്നത് ശുദ്ധ വഞ്ചനയാണ്.

ലേഖകൻ എഴുതുന്നു: "ലൗകിക ബന്ധങ്ങളെല്ലാം വിഛേദിച്ച് ഹൃദയത്തെ സ്ഫുടംചെയ്ത് അതീന്ദ്രിയ ജ്ഞാനം നേടിയ മഹാത്മാക്കളാണ് വലിയ്യുമാർ. പഞ്ചേന്ദ്രിയങ്ങളുടെ സഹായംകൂടാതെ അന്തർ ദൃഷ്ടിയിലൂടെ അദൃശ്യങ്ങൾ വായിച്ചെടുക്കാനുള്ള സിദ്ധിയും അല്ലാഹുവുമായുള്ള സാമീപ്യംവഴി അത്ഭുതകാര്യങ്ങൾ പ്രവർത്തിക്കാനുള്ള അസാധാരണ കഴിവും പലപ്പോഴും അവർക്ക് സ്രഷ്ടാവിൽനിന്ന് ലഭ്യമാകുന്നു" (സുന്നിവോയ്സ്, ഫെബ്രുവരി 2020, പേജ് 34).



വലിയ്യുകളെ സംബന്ധിച്ചുള്ള ഒരു ശരാശരി സമസ്തക്കാരന്റെ അറിവാണിത്. വലിയ്യുകൾക്ക് ഇങ്ങനെയൊരു നിർവചനം ആരാണു നൽകിയത്? ഇതെല്ലാം സൂഫീ, ബറേൽവി സങ്കൽപത്തിലുള്ള ഔലിയാ വിശ്വാസമായതിനാൽ ഇതിനൊന്നും പ്രമാണങ്ങളുടെ പിൻബലമില്ല. ഔലിയാക്കളെ കുറിച്ചുള്ള ഇസ്‌ലാമിക നിലപാട് സമൂഹം അറിഞ്ഞാൽ തങ്ങളുടെ 'ഔലിയാ കച്ചവടം' വഴിമുട്ടിപ്പോകുമോ എന്ന ഉൾഭയം പുരോഹിതന്മാരെ നിരന്തരം വേട്ടയാടുന്നുണ്ടാകും. അല്ലാഹുവിൽ ഭരമേൽപിച്ച് സൂക്ഷ്മത കൈവിടാതെ ജീവിക്കുന്നവരാണ് യഥാർഥ വലിയ്യുകൾ.

അല്ലാഹു പറയുന്നു: "ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ (വലിയ്യുകൾ) അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 10:62,63).

മതനിയമങ്ങളെ മാനിക്കാത്തവരാണ് സമസ്തയുടെ പട്ടികയിലുള്ള മിക്ക ഔലിയ വാദികളും. നബിﷺ പോലും അവകാശപ്പെടാത്ത കാര്യങ്ങളാണ് ഇവർ തങ്ങൾക്കുള്ളതായി വാദിക്കുന്നത്.

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനുതന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (ക്വുർആൻ 7:188).

ഭൗതിക ജീവിതത്തെ മറന്ന് കഴിയുക എന്നത് ഇസ്‌ലാം മനസ്സിലാക്കിത്തരുന്ന വലിയ്യുകളുടെ പ്രത്യേകതയല്ല. അല്ലാഹു നിശ്ചയിച്ചത് ആഗ്രഹിച്ചുകൊണ്ടാണ് ജീവിക്കേണ്ടത്.

അല്ലാഹു പറയുന്നു: "അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല" (ക്വുർആൻ 28:77).

സത്യസന്ധമായ വിശ്വാസവും സൽകർമനിഷ്ഠയുമാണ് അല്ലാഹുവിലേക്ക് നമ്മെ അടുപ്പിക്കുന്നത്. അതിനായി തട്ടിപ്പുവഴികളെ ആശ്രയിക്കേണ്ടതില്ല.

അല്ലാഹു പറയുന്നു: "ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു" (ക്വുർആൻ 7:56).

ലേഖകൻ വീണ്ടും എഴുതുന്നു: "മഹാന്മാരുടെ ഖബറിടങ്ങൾ അഭയകേന്ദ്രങ്ങളും സാന്ത്വന സദനങ്ങളുമായിട്ടാണ് വിശ്വാസികൾ കരുതുന്നത്. നീറുന്ന പ്രശ്നങ്ങൾക്കും മാറാരോഗങ്ങൾക്കും ശാന്തി തേടി അവരവിടെയെത്തുന്നു. ജീവിതകാലത്തെന്നപോലെ മരണാനന്തരവും അവർ സഹായിക്കുമെന്നും അതിനുള്ള കഴിവ് അല്ലാഹു അവർക്ക് നൽകുമെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ പറയുന്നു" (സുന്നിവോയ്സ്, ഫെബ്രുവരി 2020, പേജ് 36).

ജീവിതകാലത്തെന്നപോലെ മരണാനന്തരവും വലിയ്യുകൾ സഹായിക്കുമെന്നും അതിനുള്ള കഴിവ് അല്ലാഹു അവർക്ക് നൽകുമെന്നും പഠിപ്പിക്കുന്ന ആ പ്രമാണങ്ങൾ ഒന്നു ചൂണ്ടിക്കാണിക്കാമോ? വിശ്വാസികൾ എന്നതിന് ശിർക്ക് ചെയ്യുന്നവർ എന്നാണ് സമസ്തയുടെ നിഘണ്ടുവിൽ അർഥമെങ്കിൽ മുസ്‌ലിയാർ പറഞ്ഞത് ശരിയാണ്. കാരണം യഥാർഥ വിശ്വാസികൾ മക്ബറകളിൽ അഭയം തേടുന്നവരോ അവിടെനിന്ന് സമാധാനം കാംക്ഷിക്കുന്നവരോ അല്ല. മക്കാ മുശ്‌രിക്കുകളോട് ചോദിക്കാനായി അല്ലാഹു കൽപിച്ചത് കാണുക:

"നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽ പെട്ടുപോകുന്നത്?" (ക്വുർആൻ 23:88,89).

ഓരോ ജാറത്തിലുള്ളവരെയും വ്യത്യസ്ത കഴിവുകളുള്ളവരായാണ് ഇക്കൂട്ടർ പരിചയപ്പെടുത്തുന്നത്. ജാറങ്ങളെ കേന്ദ്രീകരിച്ച് വലിയ രൂപത്തിൽ സാമ്പത്തിക കൊള്ളയും നടക്കുന്നു. അല്ലാഹു അല്ലാത്തവരിൽ അഭയം തേടിയാൽ അലഞ്ഞുതിരിയേണ്ടിവരുമെന്ന് ക്വുർആൻ തന്നെ ഉണർത്തുന്നു:

"അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനൻമാർ. ഒരു യജമാനന് മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല" (ക്വുർആൻ 39:29).

അല്ലാഹുവിനെയോർത്ത് യഥാർഥ സമാധാനം കണ്ടെത്തേണ്ടതിനു പകരം ശിർക്കിലകപ്പെടുന്നത് അസ്വസ്ഥത മാത്രമെ ഉണ്ടാക്കുകയുള്ളൂ.

അല്ലാഹു പറയുന്നു: "അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28).

രോഗമാകുന്ന പരീക്ഷണത്തിൽനിന്ന് ശമനം നൽകുന്നവൻ അല്ലാഹു മാത്രമാണ്. ചികിത്സ അതിനുള്ള കാരണം മാത്രം.

ഇബ്രാഹീം നബി(അ) അല്ലാഹുവിനെ പരിചയപ്പെടുത്തിത് ഇപ്രകാരം കാണാം: "എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്" (ക്വുർആൻ 26:80).

അനുവദനീയമായ ചികിത്സാരീതികൾ സ്വീകരിക്കാതെ നിഷിദ്ധമാക്കപ്പെട്ട വഴിയിൽ ശമനം തേടുന്നതും അതിൽ വിശ്വസിക്കുന്നതും ഇസ്‌ലാംവിരുദ്ധം തന്നെയാണ്. ജീവിച്ചിരിക്കുമ്പോൾ ചെയ്യാൻ സാധിക്കാത്ത സഹായംപോലും വലിയ്യുകൾക്ക് അവരുടെ മരണാനന്തരം ചെയ്തുകൊടുക്കാൻ സാധിക്കും എന്നതാണ് സമസ്തയുടെ വിശ്വാസം. ഇത് നൂറുശതമാനവും ഇസ്‌ലാമികവിരുദ്ധമാണ്. മരണം ഭൗതിക ജീവിതവുമായുള്ള ബന്ധത്തെ മുറിക്കുമെന്നതാണ് വാസ്തവം. ഇസ്‌ലാമിൽ ഇവർ പറയുന്നതുപോലുള്ള ഒരു വിശ്വാസം ഉണ്ടെങ്കിൽ നബി(സ)യുടെ വഫാത്തിനുശേഷം അത് പുലർന്നുകാണുമായിരുന്നു. സത്യസന്ധരും സൂക്ഷ്മതയോടെ ജീവിതം നയിച്ചവരുമായ വലിയ്യുകൾക്ക് നൽകപ്പെടാത്ത കഴിവുകൾ ഇവർ ഔലിയാപട്ടം ചാർത്തിക്കൊടുക്കുന്നവർക്ക് ഉണ്ടാകുമെന്ന് വിശ്വസിക്കുവാൻ പമ്പരവിഡ്ഢികൾക്കേ കഴിയൂ.

ലേഖകൻ എഴുതുന്നു: "ചില മഖ്ബറകൾ പ്രത്യേക ചികിത്സക്കു പ്രസിദ്ധമായിട്ടുണ്ട്. വിഷംതീണ്ടി മരണവക്കിലെത്തിയ നൂറുകണക്കിനാളുകൾ പുത്തൻപള്ളിയിൽ വന്ന് ജലപാനം നടത്തി വിഷമുക്തി നേടി തിരിച്ചുപോകുന്നു. ബീമാപള്ളി മാനസിക രോഗത്തിനും ഐലക്കാട് മഖാം കൂടോത്ര നിവാരണത്തിനും വിശ്രുതമത്രെ" (സുന്നിവോയ്സ്, 2020 ഫെബ്രുവരി 1-15, പേജ് 36).

ഇതെല്ലാം വിശ്വാസ, സാമ്പത്തിക ചൂഷണങ്ങൾക്ക് 'കേളികേട്ട' സ്ഥലങ്ങളാണ്. അല്ലാഹുവിൽ യഥാവിധം വിശ്വസിക്കുന്ന ഒരാൾക്ക് ഇങ്ങനെ ജൽപിക്കാൻ കഴിയില്ല. വ്യാജമായ അവകാശവാദങ്ങളും ഇല്ലാക്കഥകൾ പ്രചരിപ്പിച്ചുകൊണ്ടുള്ള ആളെക്കൂട്ടലും കച്ചവട താൽപര്യം മാത്രം മുൻനിർത്തിയുള്ളതാണ്.

'അശ്ശാഫി' അഥവാ സൗഖ്യമേകുന്നവൻ എന്നത് അല്ലാഹുവിന്റെ നാമമാണ്. പതിനെട്ട് വർഷക്കാലം കഠിനരോഗത്താൽ പരീക്ഷിക്കപ്പെട്ട അയ്യൂബ് നബി(അ) ശമനത്തിനായി തേടിയത് അല്ലാഹുവിനോട് മാത്രമാണ്:

"അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽവെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (ക്വുർആൻ 21:83).

രോഗാവസ്ഥയിൽ പ്രാർഥിക്കാൻ വേണ്ടി നബി(സ) ഇങ്ങനെ പഠിപ്പിച്ചത് കാണാം: "ജനങ്ങളുടെ രക്ഷിതാവേ, ഉപദ്രവം നീ തുടച്ചുമാറ്റേണമേ. നിന്റെ കയ്യിലാകുന്നു രോഗശമനം. രോഗത്തെ നീക്കുന്നവനായി നീയല്ലാതെ മറ്റാരുമില്ല" (ബുഖാരി, മുസ്‌ലിം).

നബി(സ) സ്വഹാബത്തിന് പറഞ്ഞുകൊടുത്ത, രാജാവിന്റെയും മാരണക്കാരന്റെയും കഥയിൽ കുട്ടിയോട് നീ എനിക്ക് ശമനം നൽകണമെന്ന് ആവശ്യപ്പെട്ടതിന് നൽകിയ മറുപടി മുസ്‌ലിയാക്കന്മാരുടെ കണ്ണുതുറപ്പിക്കേണ്ടതുണ്ട്: "നിശ്ചയം, ഞാൻ ആർക്കും ശമനംനൽകുന്നവനല്ല. തീർച്ചയായും സൗഖ്യമേകുന്നവൻ അല്ലാഹുവാണ്. താങ്കൾ അല്ലാഹുവിൽ വിശ്വസിച്ചാൽ ഞാൻ അവനോട് പ്രാർഥിക്കാം. അപ്പോൾ നിങ്ങൾക്ക് ശമനം കിട്ടും. അദ്ദേഹം വിശ്വസിക്കുകയും അല്ലാഹു സൗഖ്യം നൽകുകയും ചെയ്തു" (മുസ്‌ലിം).

പ്രമാണങ്ങൾ വരച്ചുകാണിച്ച സംസ്കരണ പാത മുറുകെ പിടിക്കുന്നവർക്കേ ജാറവാദികളുണ്ടാക്കുന്ന കുരുക്കിൽനിന്ന് രക്ഷപ്പെടാനാകൂ.



പി.എൻ സോമൻ
mail@nerpatham.com



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

14


**ഞാ**ൻ നമസ്കാരത്തിൽനിന്നും വിരമിച്ചു. വേഷംമാറി നിൽക്കുന്ന അമ്മയെ കണ്ടപ്പോൾ ഇടിവെട്ടേറ്റതുപോലെ കണ്ണുംതള്ളി നോക്കി നിൽക്കുകയാണ് അച്ഛൻ! ഞാൻ കിടുകിടാ വിറക്കാൻ തുടങ്ങി. യാതൊന്നും പ്രതികരിക്കരുതെന്നു അമ്മയോട് പറഞ്ഞു. ഞാൻ മുറ്റത്തേക്കു ചാടി.

ഒരു സംഘർഷം നൂറു ശതമാനവും പ്രതീക്ഷിച്ച് വീടിന്റെ ഭിത്തി മറപിടിച്ചു വിറച്ചു നിൽക്കുകയാണ് ഞാൻ. കുറെ സമയം കഴിഞ്ഞിട്ടും സംസാരമോ അനക്കമോ കേൾക്കുന്നില്ല. അമ്മ അച്ഛനു കാപ്പി കൊടുത്തിട്ടു വാങ്ങിയില്ല. വിളിച്ചിട്ടു മിണ്ടുന്നുമില്ല. താടിക്കു കൈയ്യും ഊന്നി കട്ടിലിൽ കുനിഞ്ഞിരിക്കുന്നു. കൈയിലുണ്ടായിരുന്ന വെട്ടുകത്തി കട്ടിലിന്റെ അടിയിൽവച്ചു. അച്ഛന്റെ സ്വഭാവം എനിക്കറിയാം.

സാമാധാനമായി അഭിനയിച്ച്, പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്നതിനിടയിൽ പെട്ടന്നായിരിക്കും ആക്രമണം. ഓടാനോ തടയാനോ സമയം കിട്ടില്ല. ഇതു ഞങ്ങളെല്ലാം പലപ്പോഴും അനുഭവിച്ചിട്ടുള്ളതും അറിവുള്ളതുമാണ്.

കുറെ സമയം കഴിഞ്ഞപ്പോൾ അച്ഛൻ കിടന്നു. വെട്ടുകത്തി കൈയെത്തും ദൂരത്തുണ്ട്. എനിക്കു ഭീതി വർധിച്ചു. ഇന്ന് ഉറക്കത്തിൽ എല്ലാം കഴിയും. രാവിലെ ആരൊക്കെ ബാക്കി കാണും എന്നറിയില്ല.

രാത്രി ഏറെ കഴിഞ്ഞു. കുട്ടികൾ ഉറങ്ങി. ഭാര്യയെയും കുട്ടികളെയും കൂട്ടി ഈ രാത്രി പറമ്പിൽ മരച്ചുവട്ടിലെങ്ങാനും പോയി കിടക്കാമെന്ന തീരുമാനത്തോടെ പതുങ്ങി വീട്ടിനുള്ളിൽ കയറിയപ്പോൾ മുറിക്കുള്ളിൽ എന്തോ അടക്കം പറയുന്നതായി കേട്ടു. എന്താണെന്നറിയാൻ കാതോർത്ത് കതകിനോടു ചേർന്നുനിന്നു.



പ്രിയപ്പെട്ട അമ്മ അച്ഛനെ കുലുക്കിവിളിച്ചു പറയുകയാണ്: "ദേ, ഞാൻ പറയുന്നത് കേട്ടിട്ട് നിങ്ങൾ എന്താണേൽ ചെയ്യൂ. അവൻ പറയുന്നതിൽ സത്യമുണ്ട്. നമ്മൾ വിശ്വസിച്ചതും കണ്ടതുമായ മൂർത്തികളും ദേവീദേവൻമാരും യേശുവുമൊന്നുമല്ല ദൈവം. ഏകനായ ഒരു ദൈവം ഉണ്ട്. അത് അല്ലാഹുവാണ്."

"അത് നിനക്കെങ്ങനെ അറിയാം?" അച്ഛൻ.

"അവൻ ഒരു മന്ത്രം പറഞ്ഞുതന്നു. ഞാൻ അത് ഏറ്റു പറഞ്ഞപ്പോൾ പുതിയ എന്തോ അനുഭവം ഉള്ളതായി തോന്നി."

"എന്താ നിനക്ക് തോന്നിയത്?"

"മുഖം നിലത്തുവച്ച് കമഴ്ന്നു കിടന്നപ്പോൾ ദേഹത്തുനിന്നു ഭാരം ഇറങ്ങിയതുപോലെ തോന്നി. നല്ല ധൈര്യവും കെൽപ്പും ഉണ്ടായപോലെ. ആ കർമം ചെയ്യുമ്പോൾ വേറൊരു ലോകത്താണെന്നു തോന്നിപ്പോകും."

"എടീ, ഇതൊക്കെ നാണക്കേടല്ലേ? കുറച്ചുകാലം പാട്ടും ഭജനയും ശബരിമലക്കുപോക്കും... എന്തൊക്കെ പ്രകടനമായിരുന്നു! പിന്നെ വീട്ടിൽ പാട്ടും പ്രസംഗവും തുള്ളലും ഉപദേശിമാരും... ഇപ്പോൾ നാണംകെട്ട മുസ്‌ലിംകളുടെ കൂടെ കൂടിയിരിക്കുന്നു. ഇതൊക്കെ നാണക്കേടും പ്രശ്നങ്ങളുമുണ്ടാക്കും. മൂത്തമകനാണെന്നു പറഞ്ഞ് കാണിക്കുന്ന തോന്ന്യാസത്തിനെല്ലാം നമ്മളും കൂട്ടിനിൽക്കണോ? ഞാനാ പള്ളിയിൽ ചെന്ന് ഇവന്മാരുടെ ഒരു നേതാവിനോട് (ഉസ്താദിനെയാണ് ഉദ്ദേശിക്കുന്നത്) എന്റെ പിള്ളേര് എവിടാന്നു ചോദിച്ചപ്പോൾ അവൻ ചോദിക്കുവാ ഞാൻ പിള്ളേരെ അവനെ ഏൽപിച്ചിട്ടുണ്ടോന്ന്! അവനെയങ്ങു തീർക്കാൻ തോന്നിയതാ. പിന്നെ പിള്ളേരുടെ വിവരമൊന്നറിയട്ടെ എന്നു കരുതി ക്ഷമിച്ചു പോന്നതാ. ഇനി വല്ലവനും ഇങ്ങോട്ടു വന്നാൽ അരിഞ്ഞു ചെതറിക്കും എല്ലാത്തിനേം."

"ഇല്ലാന്ന്... ഒരു കുഴപ്പവുമുണ്ടാകത്തില്ല. ഇത് നല്ലതിനു വേണ്ടിയാണെന്നെനിക്കുറപ്പുണ്ട്. അവര് തിരിച്ചുവന്നിട്ട് എത്ര ദിവസമായിപ്പോൾ? നിങ്ങൾ ഇതുവരെയും അവനോടു മിണ്ടുകപോലും ചെയ്തില്ലല്ലോ! നമ്മുടെ മകനല്ലേ... അവന്റെ കോലം കണ്ടില്ലേ? എല്ലുംതൊലിയുമായി എന്റെ കുഞ്ഞ്. കരഞ്ഞുകൊണ്ട് നിങ്ങൾക്കുവേണ്ടി അവൻ പ്രാർഥിക്കുന്നതു കണ്ടിട്ട് ഞാനും കരഞ്ഞുപോയി."

പിണങ്ങിക്കിടന്ന അച്ഛൻ എഴുന്നേറ്റ് അത്താഴം എടുത്തുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഈ രംഗവീക്ഷിച്ച എന്റെ മനസ്സ് ശാന്തമായി. നല്ലതു സംഭവിക്കട്ടെ എന്നു പ്രാർഥിച്ചു.

പിറ്റേന്ന് അച്ഛൻ എന്നെ നോക്കി ചിരിക്കുകയും സംസാരിക്കുകയും ചെയ്തു; അൽഹംദുലില്ലാഹ്.

അന്നത്തെ ഞങ്ങളുടെ ദുഹ്ർ നമസ്കാരവും നിറകണ്ണുകളോടെയുള്ള പ്രാർഥനയും അച്ഛൻ നോക്കി നിന്നു.

അസ്വർ നമസ്കാര സമയമായപ്പോൾ അച്ഛൻ ചോദിച്ചു: "ഞാനും നിസ്കരിക്കട്ടെ?"

സന്തോഷവും സങ്കടവും ഒന്നിച്ചു അണപൊട്ടിയ സന്ദർഭം! കുളിച്ചു ശുദ്ധിയാകുവാൻ പറഞ്ഞു. പിന്നീട് വെള്ളം കൊണ്ടുവന്നു വുദൂഅ് ചെയ്യിപ്പിച്ചു.

ഞാൻ ചൊല്ലിക്കൊടുത്തു: 'അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്." അച്ഛൻ അത് ഏറ്റു പറഞ്ഞു.

ഈ ലോകത്തെ അസുലഭമായ ഒരു സന്ദർഭം. വിവരണാതീതമായ സന്തോഷം പകർന്ന പുണ്യകർമം. ഞങ്ങളുടെ പ്രിയപ്പെട്ട അച്ഛനും അമ്മയും മൺകട്ട ഭിത്തികളുള്ള മുറിക്കുള്ളിൽ പ്രപഞ്ചനാഥനായ അല്ലാഹുവിനെ തങ്ങളുടെ ഏക രക്ഷിതാവായി അംഗീകരിച്ചുകൊണ്ട് സൂജൂദിൽ വീണു.

അല്ലാഹുവിന്റെ അടിമയായ എന്റെ ആഗ്രഹം കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അവൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. അല്ലാഹുവിനത്രെ സർവസ്തുതിയും.

തുടർന്ന് ചെറിയ ഇസ്‌ലാമിക ലേഖനങ്ങൾ വായിച്ചു പഠിപ്പിച്ചു തുടങ്ങി. നഴ്സറിക്കുട്ടികളെ പോലെ അവർ കേട്ടുകൊണ്ടിരുന്നു. അനുഗൃഹീതമായ രംഗം. (അവരുടെ പരലോകയാത്രക്കു ശേഷം ഇന്നും മനസ്സിൽ ആ രംഗങ്ങൾ പ്രകാശിച്ചു നിൽക്കുകയാണ്).

### ഇബ്‌ലീസിന്റെ അടുത്ത പദ്ധതി

അച്ഛനും അമ്മയും നമസ്കരിക്കുന്നതും ദീൻ പഠിക്കുന്നതുമെല്ലാം ബോധ്യപ്പെട്ട ഇളയ അനുജൻ കലിപൂണ്ടു. ശേഷിക്കുന്ന പത്തു സഹോദരങ്ങളെയും വിളിച്ചുകൂട്ടി. 'ചേട്ടൻ അച്ഛനെയും അമ്മയെയും വളച്ചെടുത്തിരിക്കുന്നു. നമുക്കൊന്നും ഇനി മനഃസമാധാനമായി ഇവിടെ ജീവിക്കാൻ പറ്റില്ല. ഇത് ഇന്ന് അവസാനിപ്പിക്കണം' എന്ന് പ്രഖ്യാപിച്ചു. സന്ധ്യയായപ്പോൾ മക്കളും കൊച്ചുമക്കളുമായി ഒരു ജനക്കൂട്ടം മുറ്റത്ത്. ഒരു കുടുംബകലഹത്തിനുള്ള കളമൊരുങ്ങി. എതിർപ്പും വാക്കുതർക്കവും എന്നോടായി.

"ഭീകരവാദികളുടെയും മന്ത്രവാദികളുടെയും ഒപ്പംകൂടി നീ നശിച്ചുവെന്നത് ഞങ്ങൾക്കറിയാം. എന്തിനാണ് ഞങ്ങളുടെ അച്ഛനെയും അമ്മയെയും കൂടി വളച്ചെടുത്ത് നശിപ്പിക്കുന്നത്? ഇന്നുകൊണ്ട് നിർത്തിക്കോണം പരിപാടികൾ."

ഞാൻ ശാന്തനായി മറുപടി നൽകി: "സഹോദരങ്ങളേ, മാതാപിതാക്കൾ എല്ലാ മക്കൾക്കും തുല്യമാണ്. ഞാൻ അവരെ പ്രേരിപ്പിച്ചിട്ടില്ല, നിർബന്ധിച്ചിട്ടില്ല. അവരോടുതന്നെ ചോദിക്കൂ."

അതോടെ അവർ മാതാപിതാക്കളുടെ നേരെ തിരിഞ്ഞു: "എന്താ രണ്ടു പേരുടെയും ഉദ്ദേശം? ഇപ്പോൾ പറയണം."



അമ്മ ദൃഢസ്വരത്തിൽ പറഞ്ഞു: "എന്റെ മകൻ ഒരു നാശത്തിന്റെ വഴിയിലല്ല പോയിരിക്കുന്നത്. സത്യത്തിന്റെയും രക്ഷയുടെയും വഴിയിലാണ്; എനിക്കുറപ്പുണ്ട്. ഞാൻ മരിക്കുന്നതുവരെ മറ്റെല്ലാം ഉപേക്ഷിക്കേണ്ടിവന്നാലും ആ വഴിയിൽ ഉറച്ചു നിൽക്കും. ആരും എന്നെ തടയാൻ വരണ്ടാ."

ഒരു സഹോദരി പറഞ്ഞു: "ഈ തള്ള അവന്റെ കൂടോത്രം ശരിക്കും കഴിച്ചു. കണ്ടോ കണ്ടോ... ഒരാഴ്ചകൊണ്ട് ഈ തള്ളേടെ മനസ്സുമാറിയ മാറ്റം, എന്നാ കൂടോത്രമാടാ നീ കൊടുത്തു മയക്കി എടുത്തത്?"

അച്ഛൻ പറഞ്ഞു: "ഇതൊക്കെയൊന്നു പഠിക്കട്ടെ, എന്നിട്ട് തീരുമാനിക്കാം എന്തു വേണമെന്ന്. ഇപ്പോൾ എല്ലാവരും വീടുകളിൽ പൊയ്ക്കോളൂ."

അതോടെ മലപോലെവന്ന ഭീകരാന്തരീക്ഷം മഞ്ഞുപോലെ ഉരുകിപ്പോയി!

**(അവസാനിച്ചില്ല)**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# വെയിലും മഴയും

കടുത്ത ചൂടത് സഹിച്ചിടാതെ
ചെടികൾ കരിഞ്ഞുണങ്ങുന്നു.
വരണ്ടുണങ്ങിയ മണ്ണിൻ മാറിൽ
കാലികൾ പുല്ലുകൾ തേടുന്നു.

ഒരിറ്റുവെള്ളം തേടിക്കൊണ്ട്
പറവൾ കലപില കൂട്ടുന്നു.
പുഴകൾ വറ്റി, കിണറുകൾ വറ്റി
മർത്യർ വെള്ളം തേടുന്നു.

കിണറും പുഴയും നിറഞ്ഞിടേണം
മഴ പെയ്യേണം അതിനായി.
കുടിച്ചു ദാഹം മാറ്റിടുവാനും
കുളിച്ചു ശുദ്ധിവരുത്താനും

അലക്കി വസ്ത്രമുടുക്കാനും
നമുക്കു വെള്ളം അനിവാര്യം.

വെള്ളം വേണേൽ മഴ പെയ്യേണം
ഉള്ളം നിറയാൻ അതുവേണം.

കടുത്ത ചൂടിൽ തളരും നേരം
മഴ പെയ്താലെന്താശ്വാസം!
ആരു നമുക്കീ വെയിലും മഴയും
നൽകുന്നു എന്നറിയാമോ?

ഭൂമിയിൽ ഉറവുകളുണ്ടാക്കിടുവാൻ
കഴിവുള്ളവനാരറിയാമോ?
പ്രപഞ്ചമാകെ പരിപാലിക്കും
അല്ലാഹു അവനാണല്ലോ!

അതിനാൽ നമ്മുടെ പ്രാർഥനയെല്ലാം
അവനോടാകണമെപ്പോഴും.
അവനേ പ്രാർഥന കേൾക്കുകയുള്ളൂ
അതു നാം ഓർമയിൽ വെക്കേണം.


## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MARCH 20

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




Special **Features** Included

- CURRICULUM FOCUSING ON QURAN, BELIEF SYSTEM, JURISPRUDENCE AND ISLAMIC HISTORY
- GUIDELINES PREPARED BY PANEL EXPERTS IN THE FIELD OF ISLAMIC EDUCATION
- QURAN MEMORIZING WITH TAJWEED
- COMMUNICATIVE ARABIC AND ENGLISH

**Registration** Open for
GRADE 5-9 (Boys Only)

GREEN VALLEY
PUBLIC SCHOOL
Affiliated to CBSE New Delhi, No: 930857
Nellikkaparamba, Mukkam, Calicut

ADMISSION
OPEN 2021-22
For Grade KG - STD 9
+91 9061716600
greenvalleycampus